G7K1V5

## അധ്യായം 1

# ഭരണഘടന: എന്തുകൊണ്ട്? എങ്ങനെ?

## (CONSTITUTION: WHY AND HOW?)

**ആമുഖം**

*ഈ പുസ്തകം ഇന്ത്യൻ ഭരണഘടനയുടെ പ്രവർത്തനത്തെക്കുറിച്ചാണ്. നമ്മുടെ ഭരണഘടനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ മേഖലകൾ ഇതിലെ അധ്യായങ്ങളിൽനിന്നും നിങ്ങൾക്ക് മനസ്സിലാക്കാം. കൂടാതെ ഗവൺമെന്റിന്റെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചും അവ തമ്മിലുള്ള പരസ്പര ബന്ധങ്ങളെപ്പറ്റിയും ഇതിൽനിന്നും നിങ്ങൾ പഠിക്കും.*

*ഇന്ത്യയിലെ തെരഞ്ഞെടുപ്പുകൾ, ഗവൺമെന്റ്, പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിന് മുൻപ് ഗവൺമെന്റിന്റെ സമ്പൂർണ്ണ ഘടന മനസ്സിലാക്കണം. അവയെ പരസ്പരം ബന്ധിപ്പിക്കുന്ന വിവിധ ആശയങ്ങൾ ആവിർഭവിച്ചത് ഇന്ത്യൻ ഭരണഘടനയിൽനിന്നുമാണ് എന്നും മനസ്സിലാക്കാം. ഈ അധ്യായം പഠിച്ചുകഴിയുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കും.*

- *ഭരണഘടന എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?*
- *ഒരു ഭരണഘടന സമൂഹത്തിന് പ്രദാനം ചെയ്യുന്നതെന്ത്?*
- *സമൂഹത്തിലെ അധികാരത്തിന്റെ വിതരണം ഭരണഘടന എങ്ങനെ നിർവ്വഹിക്കുന്നു?*
- *ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയതെങ്ങനെ?*

## എന്തുകൊണ്ടാണ് നമുക്ക് ഒരു ഭരണഘടന ആവശ്യമാകുന്നത്? (WHY DO WE NEED A CONSTITUTION?)

എന്താണ് ഒരു ഭരണഘടന? ഇതിന്റെ ചുമതലകൾ എന്തെല്ലാമാണ്? ഒരു സമൂഹത്തിൽ എന്ത് പങ്കാണ് അത് നിർവ്വഹിക്കുന്നത്? നമ്മുടെ ദൈനംദിന ജീവിതവുമായി ഭരണഘടന എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു? ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക നിങ്ങൾ ചിന്തിക്കുന്നുപോലെ അത്ര പ്രയാസകരമല്ല.

### ഭരണഘടന ഏകോപനവും ഉറപ്പും അനുവദിക്കുന്നു (Constituion allows coordination and assurance)



ഇവർ എന്റെ ഗ്രാമത്തിലെ ജനങ്ങളെപ്പോലെയാണ്.

താരതമ്യേന ഒരു വലിയ ഗ്രൂപ്പിലെ അംഗമാണ് നിങ്ങൾ എന്ന് ചിന്തിക്കുക. ഈ ഗ്രൂപ്പിന് താഴെ പറയുന്ന സവിശേഷതകൾ ഉണ്ടെന്നു കൂടി വിചാരിക്കുക. ഈ ഗ്രൂപ്പിലെ അംഗങ്ങൾ വിവിധ രീതിയിൽ വ്യത്യസ്തരാണ്. അവർ വ്യത്യസ്തങ്ങളായ മതങ്ങളോട് കൂറ് പുലർത്തുന്നു. ഇവരിൽ ചിലർ ഹിന്ദുക്കളും ചിലർ മുസ്ലീങ്ങളും ചിലർ ക്രിസ്ത്യാനികളും മറ്റു ചിലർ ഒരു മതത്തോടും കൂറു പുലർത്താത്തവരുമാണ്. ഇതു കൂടാതെ അവർ മറ്റു പലതരത്തിലും വ്യത്യസ്തരാണ്. വിവിധ തൊഴിൽ ചെയ്യുന്നവരും, വ്യത്യസ്ത കഴിവുള്ളവരും വിഭിന്നമായ വിനോദങ്ങളിലേർപ്പെടുന്നവരും, സിനിമ മുതൽ പുസ്തകം വരെ വ്യത്യസ്ത അഭിരുചികൾ വച്ചു പുലർത്തുന്നവരുമാണ്. ചിലർ സമ്പന്നരും ചിലർ ദരിദ്രരും, ചിലർ വൃദ്ധരും മറ്റു ചിലർ യുവാക്കളുമാണ്. അതുപോലെതന്നെ ജീവിതത്തിന്റെ വിവിധ തലങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗ്രൂപ്പിലെ അംഗങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാവാൻ സാദ്ധ്യതയുണ്ട് എന്നും വിചാരിക്കുക. ഒരു വ്യക്തിയെ എത്രമാത്രം സമ്പത്ത് കൈവശം വയ്ക്കുവാൻ അനുവദിക്കാം? എല്ലാ കുട്ടികളെയും സ്കൂളിൽ അയക്കണമെന്നത് നിർബന്ധിതമാക്കണോ? അതോ രക്ഷിതാക്കളെ ഇതിൽ തീരുമാനമെടുക്കാൻ അനുവദിക്കണമോ? ഭദ്രത, സുരക്ഷ എന്നിവയ്ക്കുവേണ്ടി എത്രമാത്രം തുക ചെലവഴിക്കാം? അതോ പകരം, കൂടുതൽ പാർക്കുകൾ നിർമ്മിക്കണമോ? ഏതാനും അംഗങ്ങൾക്കെതിരെ വിവേചനം കാട്ടുവാൻ ഈ ഗ്രൂപ്പിലെ മറ്റുള്ളവരെ അനുവദിക്കാമോ? ഈ ചോദ്യങ്ങൾക്കെല്ലാം വിവിധ അംഗങ്ങളിൽ നിന്നും വൈവിദ്ധ്യമാർന്ന ഉത്തരങ്ങളായിരിക്കും ലഭിക്കുക. എന്നാൽ അവരുടെ ഈ വൈവിദ്ധ്യങ്ങളെ നിലനിർത്തുന്നതിന് ഇവർക്ക് ഒത്തൊരുമയോടെ ജീവിക്കേണ്ടതുണ്ട്. വിവിധ തരത്തിൽ ഇവർ പരസ്പരം ആശ്രയിക്കുന്നു. ഇവിടെ പരസ്പര സഹകരണം അനിവാര്യമാണ്. ഒത്തൊരുമയോടെ



അതെ. ഇത് എന്റെ കോളനിപോലെയാണ്. ഇത് നിങ്ങളുടെ ഗ്രാമത്തിന് / നഗരത്തിന് /കോളനിക്ക് ബാധകമാണോ?

സമാധാനപരമായി ജീവിക്കുവാൻ ഈ ഗ്രൂപ്പിനെ പ്രാപ്തമാക്കുന്നത് എന്തായിരിക്കും?

ചില അടിസ്ഥാന നിയമങ്ങളിൽ യോജിക്കാൻ കഴിഞ്ഞാൽ ഇവർക്ക് ഒത്തൊരുമയോടെ ജീവിക്കാൻ കഴിയുമെന്ന് ചിലർ അഭിപ്രായപ്പെട്ടേക്കാം. എന്തുകൊണ്ടാണ് ഈ ഗ്രൂപ്പിന് ചില അടിസ്ഥാന നിയമങ്ങൾ ആവശ്യമായി വരുന്നത്? ചില അടിസ്ഥാന നിയമങ്ങളുടെ അഭാവത്തിൽ എന്തു സംഭവിക്കുമെന്ന് ചിന്തിച്ചു നോക്കൂ. ഈ ഗ്രൂപ്പിലെ അംഗങ്ങൾക്ക് പരസ്പരം എന്തുചെയ്യുവാൻ കഴിയുമെന്നോ അതുപോലെ തന്നെ ആർക്ക് എന്തിലാണ് അവകാശവാദം ഉന്നയിക്കാൻ കഴിയുക എന്നതെല്ലാം അവർക്ക് അറിയാത്തതിനാൽ ഓരോ വ്യക്തിയും അരക്ഷിതരായിരിക്കും. ചുരുങ്ങിയ തോതിലെങ്കിലും ഏകോപനം നേടുന്നതിന് എല്ലാ അംഗങ്ങൾക്കും അറിവുള്ളതും പൊതുവായി തയ്യാറാക്കപ്പെട്ടതുമായ ചില അടിസ്ഥാന നിയമങ്ങൾ അനിവാര്യമാണ്. എന്നാൽ ഈ നിയമങ്ങളിൽ എല്ലാവർക്കും അറിവുണ്ടാവുക എന്നതു മാത്രമല്ല പ്രധാനം. ഇവയെല്ലാം നടപ്പാക്കാൻ കഴിയുന്നതു കൂടിയായിരിക്കണം. മറ്റുള്ളവർ ഈ നിയമങ്ങൾ അനുസരിക്കുമെന്ന ഉറപ്പ് പൗരന് ഇല്ലാത്ത പക്ഷം തങ്ങളും ഈ നിയമങ്ങൾ അനുസരിക്കുന്നതിൽ അർത്ഥമില്ല എന്ന് അവർ കരുതും. മറ്റുള്ളവർ നിയമം അനുസരിക്കുമെന്നും അല്ലാത്തപക്ഷം അവർ ശിക്ഷിക്കപ്പെടുമെന്നും എല്ലാവർക്കും നൽകുന്ന ഉറപ്പാണ് നിയമപരമായി നടപ്പാക്കാൻ കഴിയുന്ന ചട്ടങ്ങൾ എന്നതുകൊണ്ടർത്ഥമാക്കുന്നത്.



**സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ചുരുങ്ങിയ തോതിലെങ്കിലും ഏകോപനം കൊണ്ടുവരുന്നതിനുള്ള അടിസ്ഥാന നിയമങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് ഭരണഘടനയുടെ ഒന്നാമത്തെ ചുമതല.**

### പ്രവർത്തനം

ഈ ഭാഗത്തെക്കുറിച്ചുള്ള ഒരു ചിന്താപരീക്ഷണം ക്ലാസ്സിൽ അവതരിപ്പിക്കുക. ക്ലാസ്സ് മുഴുവനായി ഇവ ചർച്ച ചെയ്യുകയും എല്ലാവർക്കും ബാധകമായ ചില തീരുമാനങ്ങളിൽ എത്തുകയും വേണം. തീരുമാനങ്ങൾ താഴെ പറയുന്നവയെക്കുറിച്ചായിരിക്കണം.

* എങ്ങനെയാണ് ക്ലാസ്സ് പ്രതിനിധിയെ തെരഞ്ഞെടുക്കേണ്ടത്?
* ക്ലാസ്സിനെ മൊത്തം പ്രതിനിധാനം ചെയ്യുന്ന വ്യക്തി എന്ന നിലയ്ക്ക് ക്ലാസ്സിന് മുഴുവൻ ബാധകമാകുന്ന എന്തെല്ലാം തീരുമാനങ്ങളാണ് ക്ലാസ് പ്രതിനിധിക്ക് കൈക്കൊള്ളാൻ കഴിയുക?
* മുഴുവൻ ക്ലാസ്സുമായും കൂടിയാലോചിക്കാതെ ക്ലാസ്സ് പ്രതിനിധിക്ക് തീരുമാനം എടുക്കാൻ കഴിയാത്ത ചില കാര്യങ്ങൾ ഉണ്ടോ ?
* ഈ പട്ടികയോട് എല്ലാവരും സമ്മതിക്കുന്ന പക്ഷം നിങ്ങൾക്ക് കൂടുതൽ വിഷയങ്ങൾ കൂട്ടിച്ചേർക്കാം. (ക്ലാസിനു വേണ്ടിയുള്ള പൊതു ധനശേഖരം, പിക്നിക്ക്, ട്രിപ്പ് എന്നിവയുടെ സംഘടിപ്പിക്കൽ, പഠന വിഭവങ്ങളുടെ പങ്കിടൽ...) നേരത്തെ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്ന വിഷയങ്ങളാണ് ഉൾപ്പെടുത്തുന്നത് എന്ന് ഉറപ്പാക്കണം.

* ആവശ്യമെങ്കിൽ ഈ തീരുമാനങ്ങൾ നിങ്ങളെങ്ങനെ പുനപ്പരിശോധിക്കും?
* തീരുമാനങ്ങൾ എല്ലാം എഴുതി നോട്ടീസ് ബോർഡിൽ ഇടുക. എന്തെല്ലാം പ്രശ്നങ്ങളാണ് ഈ തീരുമാനങ്ങൾ എടുക്കുന്നതിൽ ഉണ്ടായത്? വിദ്യാർഥികൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നോ? ഈ അഭിപ്രായ വ്യത്യാസങ്ങൾ എങ്ങനെയാണ് പരിഹരിച്ചത്? ക്ലാസ്സിന് ഈ പ്രവർത്തനത്തിൽ നിന്നും എന്തെങ്കിലും നേട്ടം ഉണ്ടായോ?

## തീരുമാനമെടുക്കാനുള്ള അധികാരം വ്യക്തമാക്കൽ (Specification of decision making powers)

രാഷ്ട്രം എങ്ങനെ രൂപീകരിക്കപ്പെട്ടിരിക്കുന്നു, അത് എങ്ങനെ ഭരിക്കപ്പെടുന്നു തുടങ്ങിയവയെക്കുറിച്ചുള്ള അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളുന്നത് ഭരണഘടനയിലാണ്. എന്നാൽ ഈ അടിസ്ഥാന നിയമങ്ങൾ എന്തെല്ലാമായിരിക്കണം? അവയെ അടിസ്ഥാന നിയമമാക്കുന്നതെന്താണ്? സമൂഹത്തെ ഭരിക്കുന്നതിനുള്ള നിയമങ്ങളെ സംബന്ധിച്ച് ആര് തീരുമാനം എടുക്കണം എന്നാണ് ഒന്നാമത്തെ ചോദ്യത്തിന്റെ കാര്യത്തിൽ നിങ്ങൾ തീരുമാനിക്കേണ്ടത്. നിങ്ങൾക്ക് X എന്ന നിയമം ആവശ്യമാകുമ്പോൾ മറ്റുള്ളവർക്ക് y എന്ന നിയമമാകും ആവശ്യം. ആരുടെ നിയമങ്ങളും താൽപ്പര്യങ്ങളുമാണ് നമ്മെ ഭരിക്കേണ്ടത് എന്ന് എങ്ങനെ നമ്മൾ തീരുമാനിക്കും? നിങ്ങൾ മുന്നോട്ടു വയ്ക്കുന്ന നിയമമാണ് എല്ലാവർക്കും ജീവിക്കാൻ നല്ലത് എന്ന് നിങ്ങൾ വിചാരിക്കും. എന്നാൽ മറ്റുള്ളവർ ചിന്തിക്കുക അവരുടെ നിയമമാണ് നല്ലത് എന്നാവും. ഈ തർക്കം നമുക്ക് എങ്ങനെ പരിഹരിക്കാനാവും? അതുകൊണ്ടു തന്നെ ഈ ഗ്രൂപ്പിനെ ഭരിക്കുന്നതിനുള്ള നിയമങ്ങൾ എന്തായിരിക്കണം എന്ന് തീരുമാനിക്കുന്നതിനു മുൻപ് ആരാണ് തീരുമാനമെടുക്കുക എന്ന് നിശ്ചയിക്കണം.

ഈ ചോദ്യത്തിന് ഉത്തരം നൽകേണ്ടത് ഭരണഘടനയാണ്. സമൂഹത്തിലെ അധികാരത്തിന്റെ വിതരണം അത് വ്യക്തമാക്കുന്നു. നിയമം എന്തായിരിക്കണം എന്ന് തീരുമാനിക്കാനുള്ള അധികാരം ആർക്കായിരിക്കണമെന്ന് ഭരണഘടന തീരുമാനിക്കുന്നു. ആര് തീരുമാനമെടുക്കണം എന്ന ചോദ്യത്തിന് തത്ത്വാധിഷ്ഠിതമായി വിവിധ തരത്തിൽ ഉത്തരം നൽകാം. രാജവാഴ്ച അനുവദിക്കുന്ന ഭരണഘടനയിൽ രാജാവ് തീരുമാനമെടുക്കും. പഴയ സോവിയറ്റ് യൂണിയനിന്റേതുപോലെ ഏക പാർട്ടി സമ്പ്രദായം നിലനിൽക്കുന്ന രാജ്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം പാർട്ടിക്കാണ് നൽകിയിരിക്കുന്നത്. ജനാധിപത്യ ഭരണഘടനകളിലാകട്ടെ ഈ അധികാരം ജനങ്ങൾക്കാണ്. എന്നാൽ ഇത് അത്ര എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ ജനങ്ങൾ തീരുമാനമെടുക്കും എന്ന് ഉത്തരം നൽകുമ്പോൾ അവർ എങ്ങനെ തീരുമാനം എടുക്കും എന്നുകൂടി വ്യക്തമാക്കണം. ഒരു നിയമം നിർമ്മിക്കുന്നതിന് എല്ലാ ജനങ്ങളും അംഗീകാരം നൽകണോ? പുരാതന ഗ്രീക്കുകാർ ചെയ്തിരുന്നതുപോലെ എല്ലാ വിഷയങ്ങളിലും ജനങ്ങൾ നേരിട്ട് വോട്ടു ചെയ്യണോ? അതോ പ്രതിനിധികളെ തെരഞ്ഞെടുത്തുകൊണ്ട് തങ്ങളുടെ മുൻഗണന പ്രകടിപ്പിച്ചാൽ മതിയോ? എന്നാൽ ജനങ്ങൾ പ്രതിനിധികളിലൂടെയാണ് പ്രവർത്തിക്കു

ന്നതെങ്കിൽ എങ്ങനെയാണ് ഈ പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത്? എത്ര പ്രതിനിധികൾ ഉണ്ടായിരിക്കണം?

ഉദാഹരണത്തിന്, ഇന്ത്യൻ ഭരണഘടന നിയമങ്ങൾ, നയങ്ങൾ എന്നിവയിൽ തീരുമാനമെടുക്കാനുള്ള അധികാരം പാർലമെന്റിന് നൽകിയിരിക്കുന്നു. പാർലമെന്റിന് രൂപം നൽകിയതും സവിശേഷമായ രീതിയിലാണ്. ഒരു സമൂഹത്തിലെ നിയമങ്ങൾ എന്താണ് എന്ന് തിരിച്ചറിയുന്നതിനു മുൻപ് അത് നിർമ്മിക്കാനുള്ള അധികാരം ആർക്കെന്ന് തിരിച്ചറിയണം. നിയമങ്ങൾ നിർമ്മിക്കാനുള്ള അധികാരം പാർലമെന്റിനാണെങ്കിൽ, ഈ അധികാരം പാർലമെന്റിനു നൽകുന്ന ഒരു നിയമവും അവിടെ ഉണ്ടായിരിക്കണം. ഇത് ഭരണഘടനയുടെ ചുമതലയാണ്. ഗവൺമെന്റിനെ പ്രഥമസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന അധികാരമാണിത്.

**കാർട്ടൂൺ**




“European Constitution” by Patrick Chappate. International Herald Tribune. 21SEP04 Copyright Cagle Cartoons.

യുറോപ്യൻ യൂണിയനിലെ രാജ്യങ്ങൾ ഒരു യൂറോപ്യൻ ഭരണഘടന രൂപപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. എന്നാൽ ഈ ശ്രമം പരാജയപ്പെട്ടു. ഈ ശ്രമത്തെ ഒരു കാർട്ടൂണിസ്റ്റ് നോക്കിക്കാണുന്നതാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ഏതെങ്കിലും ഭരണഘടനാ രൂപീകരണത്തിൽ എല്ലായ്പ്പോഴും ഇങ്ങനെ സംഭവിക്കാറുണ്ടോ?

**സമൂഹത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം ആർക്കെന്നു വ്യക്തമാക്കുന്നത് ഭരണഘടനയുടെ രണ്ടാമത്തെ ചുമതലയാണ്. ഗവൺമെന്റ് രൂപീകരിക്കപ്പെടുന്നത് എങ്ങനെയെന്നും അത് തീരുമാനിക്കുന്നു.**

## ഗവൺമെന്റിന്റെ അധികാരങ്ങൾക്കുമേലുള്ള പരിമിതികൾ

### (Limitations on the powers of government)

തീരുമാനമെടുക്കാനുള്ള അധികാരം ആർക്കെന്ന് നിശ്ചയിച്ചതുകൊണ്ട് മാത്രം മതിയാവുകയില്ല. തീരുമാനം എടുക്കാനുള്ള അധികാരം ആർക്കാണെന്ന് നിശ്ചയിച്ചു എന്ന് സങ്കൽപ്പിക്കുക. എന്നാൽ നിങ്ങൾ തികച്ചും ന്യായരഹിതമെന്ന് കരുതുന്ന നിയമങ്ങൾ അതിനുശേഷം ഈ അധികാരകേന്ദ്രം പാസ്സാക്കിയാലോ. ഉദാഹരണത്തിന് നിങ്ങൾ അനുഷ്ഠിക്കുന്ന മതം പിൻതുടരുന്നത് നിരോധിച്ചാൽ, ചില നിറത്തിലുള്ള വസ്ത്രം നിരോധിക്കുന്നു എന്ന് ആജ്ഞാപിച്ചാൽ, അല്ലെങ്കിൽ ചില



നിങ്ങൾ ഒരു ഭീകരജീവിയെ ആദ്യം സൃഷ്ടിക്കുകയും അതിനുശേഷം അതിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നതിനെക്കുറിച്ച് ആശങ്കപ്പെടുന്നു! ഈ ഗവൺമെന്റ് എന്നു വിളിക്കപ്പെടുന്ന ഭീകരജീവിയെ പ്രഥമസ്ഥാനത്തായി പ്രതിഷ്ഠിച്ചത് എന്തിനാണ്?

പാട്ടുകൾ പാടരുതെന്ന് നിർദ്ദേശിച്ചാൽ, ഒരു വിഭാഗത്തിൽപ്പെട്ട (ജാതി, മതം) ജനങ്ങൾ എല്ലായ്പ്പോഴും മറ്റുള്ളവരെ സേവിക്കണമെന്നു പറഞ്ഞാൽ, സമ്പത്ത് കൈവശം വെയ്ക്കാൻ അവരെ അനുവദിക്കാതിരുന്നാൽ അതുമല്ലെങ്കിൽ ഗവൺമെന്റ് ഏകപക്ഷീയമായി ആരെയെങ്കിലും അറസ്റ്റ് ചെയ്താലോ, ഏതെങ്കിലും ഒരു നിറമുള്ളവർ മാത്രമേ പൊതുക്കിണറിൽ നിന്നും വെള്ളമെടുക്കാൻ പാടുള്ളൂ എന്ന് പ്രഖ്യാപിക്കുകയും ചെയ്താലോ ഈ നിയമങ്ങൾ ന്യായരഹിതവും നീതിവിരുദ്ധവും ആണെന്ന് നിങ്ങൾ തീർച്ചയായും ചിന്തിക്കും. ചില കൃത്യമായ നടപടിക്രമങ്ങൾ അടിസ്ഥാനമാക്കി നിലവിൽ വന്ന ഗവൺമെന്റാണ് അവ പാസ്സാക്കിയത് എങ്കിലും തീർച്ചയായും ഇത്തരത്തിൽ നിർമ്മിക്കപ്പെട്ട നിയമങ്ങൾ നീതിവിരുദ്ധമായിരിക്കും.

**അതുകൊണ്ടുതന്നെ ഭരണഘടനയുടെ മൂന്നാമത്തെ ചുമതല തങ്ങളുടെ പൗരനുമേൽ ഗവൺമെന്റിനു ചുമത്താവുന്ന അധികാരത്തിന് പരിധി നിശ്ചയിക്കുകയെന്നതാണ്. ഈ പരിധികൾ മൗലികമാണ്. എന്തെന്നാൽ ഗവൺമെന്റുകൾ ഒരിക്കലും അവ ലംഘിക്കുവാൻ പാടില്ല.**

വിവിധ മാർഗ്ഗങ്ങളിലൂടെ ഗവൺമെന്റുകളുടെ അധികാരത്തെ ഭരണഘടന പരിമിതപ്പെടുത്തുന്നു. ഒരു ഗവൺമെന്റിനും ലംഘിക്കാൻ അനുവാദമില്ലാത്തതും പൗരനെന്നനിലയിൽ എല്ലാവർക്കും ലഭിക്കുന്നതുമായ ചില മൗലികാവകാശങ്ങൾ പ്രഖ്യാപിക്കുകയാണ് അധികാരം പരിമിതപ്പെടുത്തുന്നതിനുള്ള പൊതുവായ മാർഗ്ഗം. ഈ അവകാശങ്ങളുടെ സൂക്ഷ്മമായ ഉള്ളടക്കവും വ്യാഖ്യാനവും ഓരോ ഭരണഘടനയിലും വ്യത്യസ്തമായിരിക്കും. എന്നാൽ അടിസ്ഥാനപരമായ ഒരു കൂട്ടം അവകാശങ്ങൾ ഭൂരിഭാഗം ഭരണഘടനകളും സംരക്ഷിക്കും. ഇതിലൂടെ കാരണമില്ലാതെ ഏകപക്ഷീയമായി അറസ്റ്റ് ചെയ്യുന്നതിൽ നിന്നും പൗരൻ സംരക്ഷിക്കപ്പെടും. ഗവൺമെന്റിന്റെ അധികാരത്തിനു മേലുള്ള ഒരു അടിസ്ഥാന നിയന്ത്രണമാണ് ഇത്. സാധാരണ നിലയിൽ ചില അടിസ്ഥാന സ്വാതന്ത്ര്യങ്ങൾക്ക് പൗരന് അവകാശമുണ്ട്. അഭിപ്രായസ്വാതന്ത്ര്യം, വിശ്വാസ സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, വ്യാപാര- വാണിജ്യ സ്വാതന്ത്ര്യം തുടങ്ങിയവയാണ് ഇവ. ദേശീയ അടിയന്തരാവസ്ഥക്കാലത്ത് ഈ അവകാശങ്ങൾ പരിമിതപ്പെടുത്താം. ഈ അവകാശങ്ങൾ റദ്ദാക്കാവുന്ന സാഹചര്യങ്ങളും ഭരണഘടന നിശ്ചയിച്ചിരിക്കുന്നു.

## ഒരു സമൂഹത്തിന്റെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും (Aspirations and goals of a society)

തീരുമാനമെടുക്കാനുള്ള അധികാരം പങ്കുവയ്ക്കുക, ഗവൺമെന്റിന്റെ അധികാരങ്ങൾക്ക് പരിധി നിശ്ചയിക്കുക തുടങ്ങിയ കാര്യങ്ങളിൽ

പഴയകാല ഭരണഘടനകൾ കൂടുതലായും ഒതുങ്ങി നിന്നിരുന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനയെപ്പോലുള്ള 20–ാം നൂറ്റാണ്ടിലെ ഭരണഘടനകൾ സമൂഹത്തിന്റെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും പ്രകടിപ്പിക്കുന്നതിന് ചില ക്രിയാത്മകമായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഒരു ചട്ടക്കൂട് പ്രദാനം ചെയ്യുന്നു. ഇന്ത്യൻ ഭരണഘടന പ്രത്യേകിച്ചും ഈ രംഗത്ത് പുതുമയുള്ളതാണ്. വിവിധ തരത്തിലുള്ള അസമത്വങ്ങൾ ആഴത്തിൽ വേരോടിയ സമൂഹത്തിൽ അധികാരങ്ങൾക്ക്

**കാർട്ടൂൺ**




Shankar, Copyright: Children's Book Trust.

ഭരണഘടനാ നിർമ്മാതാക്കൾക്ക് വ്യത്യസ്ത അഭിലാഷങ്ങളെ അഭിസംബോധന ചെയ്യേണ്ടതുണ്ടായിരുന്നു. വ്യത്യസ്തമായ കാഴ്ചപ്പാടുകൾ, പ്രത്യയശാസ്ത്രങ്ങൾ എന്നിവയ്ക്കിടയിൽ സമവായം കൊണ്ടുവരാൻ ശ്രമിക്കുന്ന നെഹ്റുവിനെ ഇവിടെ കാണാം. ഇവിടെ ഈ വ്യത്യസ്ത വിഭാഗങ്ങൾ എന്തിനുവേണ്ടി നിലകൊണ്ടു എന്ന് നിങ്ങൾക്ക് തിരിച്ചറിയാമോ? ഇതിൽ ആരുടെ വാദഗതിയ്ക്കാണ് പ്രാമുഖ്യം ലഭിച്ചതെന്നാണ് നിങ്ങൾ കരുതുന്നത്?

പരിധി നിശ്ചയിക്കുകയും അസമത്വം മറികടക്കുന്നതിനുള്ള അനുകൂലാത്മക നടപടികൾ കൈക്കൊള്ളുന്നതിന് ഗവൺമെന്റുകളെ ശക്തിപ്പെടുത്തുകയും വേണം.

ഉദാഹരണത്തിന് ജാതിവിവേചനത്തിൽ നിന്നും മുക്തമായ ഒരു സമൂഹമാണ് ഇന്ത്യ അഭിലഷിക്കുന്നത്. ഇതാണ് സമൂഹത്തിന്റെ അഭിലാഷമെങ്കിൽ, ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ ഗവൺമെന്റിനെ ശക്തിപ്പെടുത്തണം. വർണ്ണവിവേചനത്തിന്റെ ദീർഘകാല ചരിത്രമുള്ള ദക്ഷിണാഫ്രിക്കയെപ്പോലൊരു രാജ്യത്ത് അതിന്റെ പുതിയ ഭരണഘടന വർണ്ണവിവേചനം അവസാനിപ്പിക്കുവാൻ അവിടത്തെ ഗവൺമെന്റിനെ പ്രാപ്തമാക്കണം.



ഭരണഘടനയിൽ ചില ഭംഗിവാക്കുകൾ എഴുതി വയ്ക്കുന്നതെന്തിനാണ്? ജനങ്ങളുടെ ജീവിതത്തെ മാറ്റാനാവുന്നില്ലെങ്കിൽ ഉദാത്തമായ അഭിലാഷങ്ങളും ലക്ഷ്യങ്ങളും എഴുതി വയ്ക്കുന്നതിന്റെ കാര്യമെന്ത്?

ചുരുക്കിപ്പറഞ്ഞാൽ ഭരണഘടന ക്രിയാത്മകമായ രീതിയിൽ സമൂഹത്തിന്റെ അഭിലാഷങ്ങൾ ശ്രദ്ധാപൂർവ്വം സംരക്ഷിക്കണം. ഉദാഹരണത്തിന് സമൂഹത്തിലെ ഓരോ വ്യക്തിക്കും അന്തസ്സോടും, സ്വാഭിമാനത്തോടും ജീവിക്കുന്നതിനാവശ്യമായതെല്ലാം, അതായത്, ഭൗതികസുഖം, വിദ്യാഭ്യാസം തുടങ്ങിയവ ഉണ്ടായിരിക്കണമെന്ന് ഇന്ത്യൻ ഭരണഘടനാ നിർമ്മാതാക്കൾ ചിന്തിച്ചിരുന്നു. ക്രിയാത്മകമായ ക്ഷേമപദ്ധതികൾ കൈക്കൊള്ളുവാൻ ഗവൺമെന്റിനെ ഭരണഘടന പര്യാപ്തമാക്കുന്നു. അവയിൽ ചിലത് നിയമപരമായി നടപ്പാക്കാൻ കഴിയുന്നവയുമാണ്. ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് പഠിക്കുമ്പോൾ, നമ്മുടെ ഭരണഘടനയുടെ ആമുഖത്തിന്റെ പിന്തുണ അതിനുണ്ടെന്ന് മനസ്സിലാകും. ഇത്തരം വകുപ്പുകൾ മൗലികാവകാശങ്ങളിൽ കാണാൻ കഴിയും. രാഷ്ട്രനയത്തെക്കുറിച്ചുള്ള നിർദ്ദേശകതത്വങ്ങളും ജനങ്ങളുടെ ചില അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുവാൻ ഗവൺമെന്റിനോട് ആജ്ഞാപിക്കുന്നു.

**സമൂഹത്തിന്റെ അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുക, നീതിനിഷ്ഠമായ ഒരു സമൂഹത്തിനാവശ്യമായ വ്യവസ്ഥകൾക്ക് രൂപം നൽകുക തുടങ്ങിയവയ്ക്ക് ഗവൺമെന്റിനെ പ്രാപ്തമാക്കുകയാണ് ഭരണഘടനയുടെ നാലാമത്തെ ചുമതല.**

**ഭരണഘടനയിലെ അനുബന്ധ വകുപ്പുകൾ**

ഭരണഘടന ഗവൺമെന്റിന്റെ അധികാരത്തെ നിയന്ത്രിക്കുന്ന നിയമങ്ങളും ചട്ടങ്ങളും മാത്രമല്ല, സമൂഹത്തിന്റെ പൊതു നന്മക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അധികാരം ഗവൺമെന്റിന് നൽകുകയും ചെയ്യുന്നു.

- ദക്ഷിണാഫ്രിക്കൻ ഭരണഘടന അനേകം ഉത്തരവാദിത്വങ്ങൾ ഗവൺമെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി പരിപാലനം, ന്യായരഹിതമായ വിവേചനത്തിന് ഇരയായവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ, എല്ലാവർക്കും പാർപ്പിടം, ആരോഗ്യം തുടങ്ങിയവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പ്രോത്സാഹിപ്പിക്കുവാൻ അത് ഗവൺമെന്റിനോടാവശ്യപ്പെടുന്നു.
- ഇന്തോനേഷ്യൻ ഭരണഘടന ദേശീയ വിദ്യാഭ്യാസ വ്യവസ്ഥ രൂപീകരിക്കാനും നടപ്പാക്കാനും ഗവൺമെന്റിനോടാവശ്യപ്പെടുന്നു. പാവപ്പെട്ടവരും അഗതികളുമായ കുട്ടികളെ ഗവൺമെന്റ് സംരക്ഷിക്കുമെന്നും ഈ ഭരണഘടന ഉറപ്പുനൽകുന്നു.

## ഒരു ജനതയുടെ മൗലിക സ്വത്വം
## (Fundamental identity of a people)

അവസാനമായി, ഒരു പക്ഷേ ഏറ്റവും പ്രധാനമായി, ഒരു ഭരണഘടന ജനതയുടെ അടിസ്ഥാന സ്വത്വം പ്രകടിപ്പിക്കുന്നു.

ജനങ്ങൾ വ്യതിരിക്തമായ ഒരു കൂട്ടമെന്ന നിലയിൽ നിലവിൽവരുന്നത് അടിസ്ഥാന നിയമമായ ഭരണഘടനയിലൂടെയാണെന്ന് ഇതർത്ഥമാക്കുന്നു. എങ്ങനെ ഒരാൾ ഭരിക്കപ്പെടണം, ആരാണ് ഭരിക്കപ്പെടേണ്ടത്എന്നിവയെ സംബന്ധിച്ച ഒരു കൂട്ടം അടിസ്ഥാന നിയമങ്ങളോട് യോജിക്കുന്നതിലൂടെ ജനങ്ങൾ കൂട്ടായ സ്വത്വത്തിന് രൂപം നൽകുന്നു. ഭരണഘടന നിലവിൽ വരുന്നതിന് മുൻപ് ഒരാൾക്ക് പല തരത്തിലുള്ള സ്വത്വങ്ങൾ ഉണ്ടായിരിക്കും. എന്നാൽ ചില അടിസ്ഥാന നിയമങ്ങളോട് യോജിക്കുന്നതിലൂടെ ഒരാൾ അവന്റെ രാഷ്ട്രീയ സ്വത്വത്തിന് രൂപം നൽകുന്നു. രണ്ടാമതായി, ഒരു വ്യക്തിക്ക് തന്റെ അഭിലാഷങ്ങളും ലക്ഷ്യങ്ങളും സ്വാതന്ത്ര്യവും പിൻതുടരുന്നതിനുള്ള ഒരു ചട്ടക്കൂട് ഭരണഘടനാ ചട്ടങ്ങൾ പ്രദാനം ചെയ്യുന്നു. ഒരാൾ എന്തൊക്കെ ചെയ്യാം, എന്തൊക്കെ ചെയ്യാൻ പാടില്ല എന്നിവയുടെമേൽ ആധികാരികമായ നിയന്ത്രണം ഭരണഘടന കൊണ്ടുവരുന്നു. നാം ലംഘിക്കുവാൻ പാടില്ലാത്ത അടിസ്ഥാന മൂല്യങ്ങളെ അത് നിർവ്വചിക്കുന്നു. അതുവഴി ഭരണഘടന ഒരാൾക്ക് ധാർമ്മിക സ്വത്വവും നൽകുന്നു. അവസാനമായി, ഒരുപക്ഷേ ധാരാളം അടിസ്ഥാന രാഷ്ട്രീയ ധാർ

### ഒരു കാർട്ടൂൺ വായിക്കുക




സദാം ഹുസ്സൈന്റെ ഭരണം തകർന്നതിനുശേഷം ഇറാഖിലെ വിവിധ വംശീയ വിഭാഗങ്ങൾക്കിടയിൽ പുതിയ ഭരണഘടന തയ്യാറാക്കുന്നതു സംബന്ധിച്ച് ധാരാളം അഭിപ്രായവ്യത്യാസങ്ങളുണ്ടായി. ഈ വ്യത്യസ്ത ജനവിഭാഗങ്ങൾ എന്തിനു വേണ്ടിയാണ് നില കൊള്ളുന്നത്. യൂറോപ്യൻ യൂണിയൻ, ഇന്ത്യ എന്നിവിടങ്ങളിലുണ്ടായിട്ടുള്ള തർക്കങ്ങളെ സംബന്ധിച്ച് മുൻപ് നൽകിയിട്ടുള്ള കാർട്ടൂണുകളെ ഇവിടെ ചിത്രീകരിച്ചിരിക്കുന്ന കാർട്ടൂണുമായി താരതമ്യം ചെയ്യൂ.

"Iraqi Constitution", John Trever, *Albuquerque Journal*, 18AUG05. Copyright: Cagle Cartoons.

മ്മിക മൂല്യങ്ങൾ വിവിധ ഭരണഘടനകളിൽ പങ്കുവയ്ക്കപ്പെടുന്നത് ഇക്കാരണം കൊണ്ടായിരിക്കാം.

ലോകമെമ്പാടുമുള്ള വിവിധ ഭരണഘടനകൾ പരിശോധിച്ചാൽ, നിർദേശിക്കുന്ന ഗവൺമെന്റിന്റെ പല നടപടിക്രമ വിശദാംശങ്ങളിലും അവ വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം. ഗവൺമെന്റിന്റെ രൂപത്തിൽ ആവശ്യമായ വിശദാംശങ്ങൾ അവ കൂട്ടിച്ചേർക്കുന്നു. കൂടാതെ ധാരാളം ആശയങ്ങൾ അവ പങ്കുവയ്ക്കുകയും ചെയ്യുന്നുണ്ട്. മിക്ക ആധുനിക ഭരണഘടനകളും ചില രീതിയിലെങ്കിലും ജനാധിപത്യ ഗവൺമെന്റുകൾക്കാണ് രൂപം നൽകിയിരിക്കുന്നത്. അതോടൊപ്പം ചില അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ അവ പ്രതിനിധാനം ചെയ്യുന്ന സ്വാഭാവിക സ്വത്വത്തിന്റെ കാര്യത്തിൽ ഭരണഘടനകൾ വ്യത്യസ്തമാണ്. സങ്കീർണ്ണമായ ഒരു കൂട്ടം ചരിത്ര പാരമ്പര്യങ്ങളുടെ കൂടിച്ചേരലാണ് മിക്ക രാഷ്ട്രങ്ങളും. രാഷ്ട്രത്തിനുള്ളിൽ അധിവസിക്കുന്ന വ്യത്യസ്ത വിഭാഗങ്ങളെ അവ കോർത്തിണക്കുന്നു. ഉദാഹരണത്തിന് വംശീയതയെ അടിസ്ഥാനമാക്കിയാണ് ജർമ്മൻ സ്വത്വം രൂപീകരിക്കപ്പെട്ടത്. ജർമ്മൻ ഭരണഘടന ഈ സ്വത്വം പ്രകാശിപ്പിക്കുന്നു. നേരെ മറിച്ച് ഇന്ത്യൻ ഭരണഘടന വംശീയ സ്വത്വം പൗരത്വത്തിനുള്ള മാനദണ്ഡമായി കണക്കാക്കുന്നില്ല. കേന്ദ്രഗവൺമെന്റും രാജ്യത്തെ വിവിധ പ്രദേശങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തെ സംബന്ധിച്ച് വിവിധ രാഷ്ട്രങ്ങൾ വ്യത്യസ്ത ധാരണകളാണ് മുന്നോട്ട് വയ്ക്കുന്നത്. ഒരു രാഷ്ട്രത്തിന്റെ ദേശീയ സ്വത്വം രൂപീകരിക്കപ്പെടുന്നത് ഇത്തരം ബന്ധങ്ങളിൽ നിന്നാണ്.

### പഠനപുരോഗതി വിലയിരുത്തുക

ഇന്ത്യയിലെയും മറ്റ് ഭരണഘടനകളിലെയും ചില വകുപ്പുകൾ ഇവിടെ നൽകിയിരിക്കുന്നു. ഓരോ വകുപ്പും നിർവ്വഹിക്കുന്ന ചുമതല എഴുതുക.

| | |
|---|---|
| ഗവൺമെന്റ് ഒരുപൗരനോട് ഏതെങ്കിലും ഒരു മതം പിന്തുടരുവാനോ, ഒരു മതവും പിന്തുടരുവാൻ പാടില്ലെന്നോ കല്പിക്കാൻ പാടില്ല. | ഗവൺമെന്റിന്റെ അധികാരത്തിനു മേലുള്ള നിയന്ത്രണം |
| സമ്പത്ത്, വരുമാനം എന്നിവ അടിസ്ഥാനമാക്കിയുള്ള അസമത്വം കുറയ്ക്കുവാൻ ഗവൺമെന്റ് ശ്രമിക്കണം. | |
| പ്രധാനമന്ത്രിയെ നിയമിക്കാനുള്ള അധികാരം പ്രസിഡന്റിനുണ്ട്. | |
| എല്ലാവരും അനുസരിക്കേണ്ട പരമോന്നത നിയമമാണ് ഭരണഘടന. | |
| ഏതെങ്കിലും വംശം, ജാതി, മതം എന്നിവയിൽപ്പെട്ടവർക്ക് മാത്രമായി ഇന്ത്യൻ പൗരത്വം പരിമിതപ്പെടുത്തിയിട്ടില്ല. | |

## ഒരു ഭരണഘടനയുടെ ആധികാരികത
## (THE AUTHORITY OF A CONSTITUTION)

ഒരു ഭരണഘടന നിർവ്വഹിക്കുന്ന ഏതാനും ചുമതലകൾ നാം രേഖപ്പെടുത്തി. എന്തുകൊണ്ടാണ് മിക്ക സമൂഹങ്ങൾക്കും ഭരണഘടനയുള്ളത് എന്ന് ഈ ചുമതലകൾ വിവരിക്കുന്നു. എന്നാൽ ഭരണഘടനകളെക്കുറിച്ച് നമുക്ക് മൂന്ന് ചോദ്യങ്ങൾ കൂടി ഉന്നയിക്കാം.

എ) എന്താണ് ഒരു ഭരണഘടന ?

ബി) ഒരു ഭരണഘടന എത്രമാത്രം കാര്യക്ഷമമാണ് ?

സി) ഒരു ഭരണഘടന എത്രമാത്രം നീതിയുക്തമാണ് ?

രാഷ്ട്രത്തെക്കുറിച്ച് ഒട്ടേറെ വകുപ്പുകൾ ഉൾക്കൊള്ളുന്ന ഒതുക്കമുള്ള ഒരു പ്രമാണമാണ് മിക്ക രാജ്യങ്ങളിലെയും ഭരണഘടന. രാഷ്ട്രം എങ്ങനെ രൂപീകരിക്കപ്പെട്ടിരിക്കുന്നു എന്നും എന്ത് നിയമങ്ങളാണ് അത് പിൻതുടരേണ്ടത് എന്നും ഇത് വ്യക്തമാക്കുന്നു. ഒരു രാജ്യത്തെ ഭരണഘടനയെക്കുറിച്ച് നാം ചോദിക്കുമ്പോൾ ഈ പ്രമാണമാണ് സാധാരണഗതിയിൽ സൂചിപ്പിക്കുക. എന്നാൽ ബ്രിട്ടൻ പോലുള്ള ചില രാജ്യങ്ങളിൽ ഭരണഘടനയെന്നു വിളിക്കാവുന്ന ഏക പ്രമാണമില്ല. മറിച്ച് പ്രമാണങ്ങളുടെയും തീരുമാനങ്ങളുടെയും ഒരു നിരയെ കൂട്ടായി ഭരണഘടനയെന്നു വിളിക്കുന്നു. അതുകൊണ്ടു തന്നെ മുകളിൽ സൂചിപ്പിച്ച ചുമതലകൾ നിർവ്വഹിക്കുന്ന ഒരു പ്രമാണത്തെ അഥവാ ഒരു കൂട്ടം പ്രമാണങ്ങളെ നമുക്ക് ഭരണഘടനയെന്ന് വിളിക്കാം.

എന്നാൽ ലോകത്ത് ഇന്നു നിലനിൽക്കുന്ന ഭരണഘടനകൾ മിക്കതും കടലാസിൽ മാത്രം ഒതുങ്ങുന്നവയാണ്. അതായത് അവയെല്ലാം ഉപരിപ്ലവമായ വാക്കുകൾ മാത്രമാണെന്നർത്ഥം. നിർണ്ണായക ചോദ്യമിതാണ്: ഒരു ഭരണഘടന എത്രമാത്രം കാര്യക്ഷമമാണ്? അവയെ കാര്യക്ഷമമാക്കുന്നതെന്താണ്? ജനങ്ങളുടെ ജീവിതത്തിൽ ഭരണഘടനയുടെ യഥാർത്ഥ സ്വാധീനം ഉറപ്പുവരുത്തുന്നതെന്താണ്? ഒരു ഭരണഘടന കാര്യക്ഷമമായി മാറ്റുന്നത് വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.



തങ്ങളുടെ ഭരണഘടന നീതിയുക്തമല്ല എന്നു കണ്ടാൽ ജനങ്ങൾ എന്തു ചെയ്യും? ഭരണഘടന കടലാസിൽ മാത്രമൊതുങ്ങിയാൽ ജനങ്ങൾക്ക് എന്ത് സംഭവിക്കും?

### പ്രഖ്യാപന രീതി (Mode of promulgation)

എങ്ങനെ ഒരു ഭരണഘടന നിലവിൽ വന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഭരണഘടന തയ്യാറാക്കിയത് ആരാണ്, എത്രമാത്രം അധികാരം അവർക്കതിനുണ്ടായിരുന്നു? വിവിധ രാജ്യങ്ങളിൽ ഭരണഘടന പ്രവർത്തനരഹിതമാണ് എന്തുകൊണ്ടെന്നാൽ അവ തയ്യാറാക്കിയത് സൈനിക മേധാവികളോ, ജനങ്ങളെ തങ്ങളോടൊപ്പം നിർത്താൻ കഴിവില്ലാത്ത ജനപിന്തുണയില്ലാത്ത നേതാക്കൻമാരോ ആണ്. ഇന്ത്യ, ദക്ഷിണാഫ്രിക്ക,

അമേരിക്കൻ ഐക്യനാടുകൾ തുടങ്ങിയ രാജ്യങ്ങളിലേതുപോലെ ഏറ്റവും വിജയകരമായ ഭരണഘടനകൾ ദേശീയ പ്രസ്ഥാനത്തിനു ശേഷം നിർമ്മിക്കപ്പെട്ടവയാണ്. 1946 ഡിസംബറിനും 1949 നവംബറിനും ഇടയ്ക്ക് പ്രവർത്തിച്ച ഭരണഘടനാ നിർമ്മാണ സഭയാണ് ഇന്ത്യൻ ഭരണഘടന ഔപചാരികമായി തയ്യാറാക്കിയത്. എങ്കിലും ഇന്ത്യൻ സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളെ ഒത്തൊരുമിച്ച് കൊണ്ടുപോകുന്നതിൽ അസാമാന്യ കഴിവു പ്രകടിപ്പിച്ച ദേശീയ പ്രസ്ഥാനത്തിന്റെ ദീർഘകാല ചരിത്രത്തെ അത് ഉൾക്കൊള്ളുന്നു. പൊതുസമ്മതരായ നേതാക്കൾ ചേർന്നാണ് ഭരണഘടന തയ്യാറാക്കിയത് എന്നതുകൊണ്ട് തന്നെ വലിയ പൊതുസമ്മതി അതിനു ലഭിക്കുകയുണ്ടായി. സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ആദരവ് നേടാൻ കഴിഞ്ഞവരും, വ്യക്തിപരമായ അധികാര താൽപ്പര്യങ്ങൾക്കുള്ള ഉപകരണമല്ല ഭരണഘടന എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞവരുമാണ് ഭരണഘടന തയ്യാറാക്കിയത്. അതുകൊണ്ടു തന്നെ ഈ ഭരണഘടന പൊതുവായി രൂപപ്പെടുത്തിയ ദേശീയ അഭിപ്രായ സമന്വയത്തെ പ്രതിഫലിപ്പിച്ചു.

ചില രാജ്യങ്ങൾ തങ്ങളുടെ ഭരണഘടന ഒരു സമ്പൂർണ്ണ ജനഹിത പരിശോധനയ്ക്ക് (Referendum) വിധേയമാക്കുകയുണ്ടായി. ഭരണഘടനയുടെ ആവശ്യകതയെക്കുറിച്ച് എല്ലാ ജനങ്ങളും ഇവിടെ വോട്ട് രേഖപ്പെടുത്തുന്നു. ഇന്ത്യൻ ഭരണഘടന ഇത്തരമൊരു ജനഹിത പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും ജനങ്ങളുടെ അളവറ്റ പിന്തുണയും അംഗീകാരവും അതിനുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ ജനകീയ അംഗീകാരമുള്ള നേതാക്കളുടെ യോജിച്ച പിന്തുണ അതിനുണ്ടായിരുന്നു. ഭരണഘടന ജനഹിത പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടിട്ടില്ലെങ്കിലും അതിലെ വ്യവസ്ഥകൾ അനുസരിച്ചുകൊണ്ട് ജനങ്ങൾ അതിനെ അവരുടെ സ്വന്തമായി സ്വീകരിച്ചു. അതുകൊണ്ടുതന്നെ, ഭര



**നേപ്പാളിലെ ഭരണഘടനാ നിർമ്മാണത്തെക്കുറിച്ചുള്ള സംവാദം**

ഭരണഘടനാ നിർമ്മാണ പ്രക്രിയ സുഗമവും ലളിതവുമായ ഒന്നല്ല. ഭരണഘടനാ നിർമ്മാണത്തിന്റെ സങ്കീർണ്ണത വെളിപ്പെടുത്തുന്ന ഉദാഹരണമാണ് നേപ്പാൾ. 1948 മുതൽ 1990 വരെ നേപ്പാൾ അഞ്ച് ഭരണഘടനകൾ നിർമ്മിച്ചു. 1948, 1951, 1959, 1962, 1990 എന്നിങ്ങനെ. നേപ്പാൾ രാജാവാണ് ഈ ഭരണഘടനകളെല്ലാം തയ്യാറാക്കി നൽകിയത്. അന്തിമ അധികാരം രാജാവിനായിരുന്നു. എങ്കിലും 1990 ലെ ഭരണഘടന ബഹുകക്ഷി സമ്പ്രദായം (Multi Party System) കൊണ്ടു വന്നു. രാജ്യത്തെ ഗവൺമെന്റ് പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി ഒരു ദശാബ്ദക്കാലം തീവ്രമായ രാഷ്ട്രീയ സമരങ്ങളുണ്ടായി. നേപ്പാൾ ഭരണഘടനയിൽ രാജാവിന്റെ പങ്കെന്തായിരിക്കണമെന്നതായിരുന്നു പ്രധാന വിഷയം. ചില വിഭാഗങ്ങൾ നേപ്പാളിൽ രാജഭരണം അവസാനിപ്പിക്കാനും റിപ്പബ്ലിക്കൻ ഗവൺമെന്റ് സ്ഥാപിക്കാനും ആഗ്രഹിച്ചു. രാജാവിന് കുറച്ച് അധികാരം മാത്രമുള്ള പരിമിത രാജഭരണത്തിലേക്ക് മാറണമെന്ന് മറ്റ് ചിലർ കരുതി. രാജാവാകട്ടെ, തന്റെ അധികാരങ്ങൾ ഉപേക്ഷിക്കാൻ തയ്യാറായിരുന്നില്ല. 2002 ഒക്ടോബറിൽ രാജാവ് എല്ലാ അധികാരങ്ങളും കൈയ്യടക്കി.

വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും പുതിയ ഭരണഘടനാ നിർമ്മാണ സഭ രൂപീകരിക്കണമെന്നാവശ്യപ്പെട്ടു. ജനകീയമായി തെരഞ്ഞെടുക്കപ്പെട്ട ഭരണഘടനാ നിർമ്മാണ സഭയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാൾ (മാവോയിസ്റ്റ്) മുൻനിരയിൽ ഉണ്ടായിരുന്നു. സമരം ചെയ്യുന്ന പാർട്ടികൾക്ക് സ്വീകാര്യമായ ഒരു ഗവൺമെന്റ് സ്ഥാപിക്കുവാൻ അവസാനം രാജാവ് നിർബന്ധിതനായി. ഈ ഗവൺമെന്റ് രാജാവിന്റെ മിക്ക അധികാരങ്ങളും നീക്കം ചെയ്തു. 2008ൽ നേപ്പാൾ രാജഭരണം അവസാനിപ്പിച്ച് ഒരു ജനാധിപത്യ റിപ്പബ്ലിക്കായി മാറി. അന്തിമായി 2015ൽ നേപ്പാൾ പുതിയ ഭരണഘടന സ്വീകരിച്ചു.

ണഘടന തയ്യാറാക്കിയ വ്യക്തികളുടെ പൊതുസമ്മതി ഭരണഘടനയുടെ വിജയസാദ്ധ്യതയെ ഒരു പരിധിവരെ ഉറപ്പാക്കുന്നു.

## ഒരു ഭരണഘടനയിലെ മുഖ്യ വ്യവസ്ഥകൾ (The substantive provisions of a constitution)

ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥകളുമായി ഒത്തുപോകുവാൻ എല്ലാവർക്കും എന്തെങ്കിലും ചില കാരണങ്ങൾ ഉണ്ടാകുക എന്നത് ഒരു വിജയിച്ച ഭരണഘടനയുടെ മുഖമുദ്രയാണ്. ഉദാഹരണത്തിന് ഭൂരിപക്ഷ വിഭാഗം ന്യൂനപക്ഷ വിഭാഗങ്ങളെ അടിച്ചമർത്തുന്നു എങ്കിൽ അവർ ഭരണഘടനയുമായി യോജിച്ചു പോവുകയില്ല. ഒരു വിഭാഗം ജനതയുടെ ചെലവിൽ കുറച്ചു പേർ പ്രബലരായി മാറുകയും സമൂഹത്തിലെ ചെറിയ വിഭാഗങ്ങളുടെ അധികാരം വ്യവസ്ഥാപിതമായി ഉറപ്പിക്കുകയും ചെയ്യുന്ന ഭരണഘടനകൾ എല്ലാവർക്കും സ്വീകാര്യമാവുകയില്ല. തങ്ങളുടെ സ്വത്വം അടിച്ചമർത്തപ്പെടുന്നു എന്ന് ഏതെങ്കിലും ഒരു വിഭാഗത്തിന് തോന്നിയാൽ അവർ ഭരണഘടനയെ അനുസരിക്കുകയില്ല. ഒരു ഭരണഘടനയും സമ്പൂർണ്ണനീതി ഉറപ്പാക്കുന്നില്ല. എന്നാൽ അടിസ്ഥാന നീതി ഉറപ്പാക്കുന്നതിനുള്ള ഒരു ചട്ടക്കൂട് പ്രദാനം ചെയ്യുന്നു എന്ന് അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം.


ഈ ചിന്താപരീക്ഷണം നിങ്ങൾ ചെയ്യുക. നിങ്ങളോടുതന്നെ ഈ ചോദ്യം ചോദിക്കുക. സമൂഹത്തിലെ എല്ലാവർക്കും യോജിച്ചുപോകാൻ കാരണമാവുന്ന ചില അടിസ്ഥാന നിയമങ്ങളുടെ ഉള്ളടക്കം എന്തായിരിക്കണമെന്നാണ് നിങ്ങൾ കരുതുന്നത്?

ഭരണഘടന അതിൽ അംഗമാകുന്നവരുടെ സ്വാതന്ത്ര്യവും സമത്വവും എത്രമാത്രം സംരക്ഷിക്കുന്നുവോ അതിനനുസൃതമായി അത് വിജയിക്കാനുള്ള സാദ്ധ്യതയും കൂടും. വിശാലമായ അർത്ഥത്തിൽ ഇന്ത്യൻ ഭരണഘടന എല്ലാവർക്കും അതിനോട് യോജിക്കാൻ കഴിയുന്ന ഒരു ചട്ടക്കൂട് പ്രദാനം ചെയ്യുന്നുണ്ടോ? ഈ പുസ്തകം പഠിച്ചതിനുശേഷം ഇതിനെ സാധൂകരിക്കുന്ന ഉത്തരങ്ങൾ നൽകുവാൻ നിങ്ങൾക്ക് കഴിയും.

## സന്തുലിത സ്ഥാപന രൂപരേഖ (Balanced institutional design)

ഭരണഘടന സാധാരണയായി അട്ടിമറിക്കപ്പെടുന്നത് ജനങ്ങളാലല്ല മറിച്ച് തങ്ങളുടെ അധികാരം വർദ്ധിപ്പിക്കാനാഗ്രഹിക്കുന്ന ആളുകളാൽ ആണ്. മികച്ച രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഭരണഘടനകൾ സമൂഹത്തിൽ അധികാരം വിഭജിച്ചു നൽകുകയും ഭരണഘടന അട്ടിമറിക്കപ്പെടുന്നതിൽ നിന്ന് തടയുകയും ചെയ്യുന്നു. ഒരു സ്ഥാപനവും അധികാരത്തിന്റെ കുത്തക നേടുന്നില്ല എന്ന് ബുദ്ധിപരമായ രൂപകൽപ്പനയിലൂടെ ഉറപ്പാക്കുകയാണ് ഒരു മാർഗ്ഗം. വിവിധ സ്ഥാപനങ്ങൾക്കിടയിൽ അധികാരം വിഭജിച്ച് നൽകുന്നതിലൂടെയാണ് ഇത് നടപ്പാക്കുക. ഉദാഹരണത്തിന് ഇന്ത്യൻ ഭരണഘടന, നിയമനിർമ്മാണ വിഭാഗം,

## കാർട്ടൂൺ കാണുക




“Castle of Cards” , Ares, copyright Cagle Cartoons, SEP05

എന്തുകൊണ്ടാണ് കാർട്ടൂണിസ്റ്റ് ഇറാഖി ഭരണഘടനയെ ചീട്ടുകൊട്ടാരം എന്ന് വിശേഷിപ്പിക്കുന്നത്. ഈ വിശേഷണം ഇന്ത്യൻ ഭരണഘടനയ്ക്ക് ബാധകമാണോ?

കാര്യനിർവ്വഹണ വിഭാഗം, നീതിന്യായ വിഭാഗം, ഭരണഘടനാ സ്ഥാപനമായ തെരഞ്ഞെടുപ്പ് കമ്മീഷൻ എന്നീ സ്ഥാപനങ്ങൾക്കിടയിൽ അധികാരം സമാന്തരമായി വിഭജിച്ചു നൽകുന്നു. ഏതെങ്കിലും ഒരു സ്ഥാപനം ഭരണഘടനയെ അട്ടിമറിക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് നിയന്ത്രിക്കാൻ മറ്റ് സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് ഇതിലൂടെ ഉറപ്പാക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ വിജയകരമായ നിലനിൽപ്പിന് സഹായകമായി മാറിയത് ഇത്തരത്തിൽ ബുദ്ധിപരമായി രൂപം നൽകിയ പരസ്പര നിയന്ത്ര W h pw k ´ pe \ h pw (Checks and Balances) ആണ്.

ഭരണഘടനകൾ ചില മൂല്യങ്ങൾ, ആശയങ്ങൾ, നടപടികൾ എന്നിവ ആധികാരികമെന്ന നിലയ്ക്ക് മുറുകെ പിടിക്കുകയും അതേസമയം അതിന്റെ പ്രവർത്തനത്തിൽ പരമാവധി വഴക്കം കാണിച്ചു കൊണ്ട് മാറിവരുന്ന ആവശ്യങ്ങളും സാഹചര്യങ്ങളും ഉൾക്കൊണ്ട് സന്തുലിതാവസ്ഥ സൃഷ്ടിക്കുകയും വേണം എന്നതാണ് ബുദ്ധിപരമായ സ്ഥാപന നിർമ്മിതിയുടെ മറ്റൊരു പ്രധാന വശം. വളരെയധികം ദൃഢമായ (rigid) ഭരണഘടനകൾ മാറ്റത്തിനുവേണ്ടിയുള്ള മുറവിളിയാൽ തകരാനാണ് സാദ്ധ്യത. അതേസമയം വളരെയധികം അയവുള്ള (Flexible) ഭരണഘടനയാണെങ്കിൽ ജനങ്ങൾക്ക് സുരക്ഷയോ, ദീർഘ ദർശിത്വമോ, സ്വത്വമോ നൽകുകയില്ല. വിജയകരമായ ഭരണഘടനകൾ അതുകൊണ്ട് അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിലും സാഹചര്യങ്ങൾക്കനുസൃതമായി മാറുന്നതിലും ശരിയായ സന്തുലിതാവസ്ഥ നിലനിർത്തുന്നു. “ഭരണഘടന ഒരു സജീവ പ്രമാണമെന്ന \ reb rÂ " F ¶ A ² ynb ¯ nÂ (Chapter IX) ഇന്ത്യൻ ഭരണഘടനാ നിർമ്മാതാക്കളുടെ ഈ ധിഷണ നിങ്ങൾക്കു കാണുവാൻ കഴിയും. ഇന്ത്യൻ ഭരണഘടനയെ ഒരു ജീവനുള്ള ഒരു പ്രമാണമായി കണക്കാക്കുന്നു. വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനുള്ള സാദ്ധ്യതയും എന്നാൽ അത്തരത്തിലുള്ള മാറ്റങ്ങൾക്കുള്ള പരിധിയും തമ്മിലുള്ള ഒരു സന്തുലിതാവസ്ഥ നിലനിർത്തുന്നതിലൂടെ ഭരണഘടന ജനങ്ങൾ ആദരിക്കുന്ന ഒരു പ്രമാണമായി നിലനിൽക്കുമെന്ന് ഉറപ്പാക്കുന്നു. ഒരു വിഭാഗത്തിനും ഭരണഘടനയെ അട്ടിമറിക്കാൻ കഴിയില്ല എന്നും ഈ സംവിധാനത്തിലൂടെ ഉറപ്പാക്കപ്പെടുന്നു. അതുകൊണ്ടു തന്നെ ഭരണഘടന ആധികാരികമാണോ എന്ന് നിർണ്ണയിക്കുന്നത് സംബന്ധിച്ച് നിങ്ങൾക്ക് മൂന്നു ചോദ്യങ്ങൾ സ്വയം ഉന്നയിക്കാം.

- ഭരണഘടന തയ്യാറാക്കിയ വ്യക്തികൾ വിശ്വാസയോഗ്യരാണോ? ഈ അദ്ധ്യായത്തിന്റെ ബാക്കി ഭാഗത്ത് ഈ ചോദ്യത്തിന് ഉത്തരം നൽകാം.

- രണ്ടാമതായി ഭരണഘടനയെ അട്ടിമറിക്കാൻ ആർക്കും കഴിയാത്ത തരത്തിൽ അധികാരം ബുദ്ധിപൂർവ്വം വിതരണം ചെയ്തിട്ടുണ്ട് എന്ന് ഭരണഘടന ഉറപ്പാക്കുന്നുണ്ടോ? അതുപോലെതന്നെ ഭരണഘടനയുമായി ഒത്തുപോകുവാൻ അത് ഓരോരുത്തർക്കും എന്തെങ്കിലും നൽകുന്നുണ്ടോ? ഈ ചോദ്യത്തെക്കുറിച്ചാണ് ഈ പുസ്തകത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്.
- അതുപോലെ തന്നെ ജനങ്ങളുടെ പ്രതീക്ഷകൾ, അഭിലാഷങ്ങൾ എന്നിവക്ക് ഭരണഘടന ഉചിതമായ സ്ഥാനം നൽകുന്നുണ്ടോ? ജനങ്ങളുടെ സ്വമനസ്സാലെയുള്ള അംഗീകാരം അഥവാ കൂറ് ഭരണഘടനയ്ക്ക് ലഭിക്കുന്നത് ഭരണഘടന നീതിയുക്തമാണോ എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയിൽ അന്തർലീനമായിരിക്കുന്ന നീതിയുടെ തത്ത്വങ്ങൾ എന്തെല്ലാമാണ്? ഈ പുസ്തകത്തിന്റെ അവസാന അദ്ധ്യായം ഇതിനുള്ള ഉത്തരം നൽകും.

## ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയതെങ്ങനെ?
## (How was the Indian Constitution made?)

ഇന്ത്യൻ ഭരണഘടന എങ്ങനെയാണ് രൂപപ്പെടുത്തിയത് എന്ന് നമുക്ക് പരിശോധിക്കാം. അവിഭക്ത ഇന്ത്യയ്ക്കുവേണ്ടി തെരഞ്ഞെടുത്ത ഭരണഘടനാ നിർമ്മാണ സഭയാണ് (Constituent Assembly) ഔപചാരികമായി ഭരണഘടന രൂപീകരിച്ചത്. ആദ്യ സമ്മേളനം 1946 ഡിസംബർ 9-ാം തീയതി നടന്നു. ഇന്ത്യാ വിഭജനത്തെ തുടർന്നു ഭരണഘടനാ നിർമ്മാണ സഭയെന്ന നിലയിൽ 1947 – ആഗസ്റ്റ് 14 ന് വീണ്ടും സമ്മേളിച്ചു. 1935 – ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്റ്റിലൂടെ സ്ഥാപിക്കപ്പെട്ട പ്രവിശ്യാ നിയമ നിർമ്മാണ സഭകളിലെ അംഗങ്ങൾ പരോക്ഷ തെരഞ്ഞെടുപ്പിലൂടെയാണ് ഭരണഘടനാ നിർമ്മാണസഭയിലെ അംഗങ്ങളെ തെരഞ്ഞെടുത്തത്. ക്യാബിനറ്റ് മിഷൻ എന്നറിയപ്പെട്ട ബ്രിട്ടീഷ് ക്യാബിനറ്റ് കമ്മിറ്റി നിർദ്ദേശിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് ഭരണഘടനാ നിർമ്മാണ സഭ രൂപീകരിച്ചത്. ഈ പദ്ധതിയനുസരിച്ച് :

- ജനസംഖ്യാനുപാതികമായി ഓരോ പ്രവിശ്യയ്ക്കും ഓരോ നാട്ടുരാജ്യത്തിനും അല്ലെങ്കിൽ രാജ്യങ്ങളുടെ കൂട്ടത്തിനും സീറ്റുകൾ അനുവദിക്കുകയുണ്ടായി. 1 : 10,00,000 എന്നതായിരുന്നു ഏകദേശ അനുപാതം. ഇതിന്റെ ഫലമായി ബ്രിട്ടീഷ് പ്രവിശ്യകളിൽ നിന്നും (ബ്രിട്ടന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ) 292 അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നു. നാട്ടുരാജ്യങ്ങൾക്ക് 93 സീറ്റുകളും അനുവദിച്ചു.
- ഓരോ പ്രവിശ്യയിലെയും സീറ്റുകൾ അവരവരുടെ ജനസംഖ്യാനുപാതമനുസരിച്ച് മുസ്ലീങ്ങൾ, സിഖുകാർ, പൊതുവിഭാഗം (General) എന്നിങ്ങനെ മൂന്നു മുഖ്യവിഭാഗങ്ങൾക്കിടയിൽ വീതിച്ചു നൽകി.
- ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിലെ ഏക കൈമാറ്റ വോട്ടു സമ്പ്രദായമനുസരിച്ച് (Single Transferable Vote system) പ്രവിശ്യാ നിയമ നിർമ്മാണ

സഭയിലെ ഓരോ സമുദായത്തിലുംപെട്ട അംഗങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുത്തു.

- നാട്ടുരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളെ കൂടിയാലോചനയിലൂടെ നിശ്ചയിക്കുവാനും തീരുമാനിച്ചു.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക: http://parliamentofindia.nic.in/ls/debates/facts.htm

**നമ്മുടെ രാഷ്ട്രീയ ജനാധിപത്യത്തെ ഒരു സാമൂഹ്യ ജനാധിപത്യമാക്കി നാം മാറ്റേണ്ടതുണ്ട്. സാമൂഹ്യ ജനാധിപത്യത്തിന്റെ അടിത്തറയിലല്ലാതെ രാഷ്ട്രീയ ജനാധിപത്യത്തിന് കൂടുതൽ കാലം നിലനിൽക്കാൻ കഴിയില്ല. സാമൂഹ്യ ജനാധിപത്യം കൊണ്ട് അർത്ഥമാക്കുന്നതെന്താണ്? സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ജീവിത തത്ത്വങ്ങളെ അംഗീകരിക്കുന്ന ഒരു ജീവിത രീതിയെന്നാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. ത്രിത്വത്തിലെ (trinity) വ്യത്യസ്ത ഘടകങ്ങളെന്ന രീതിയിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്ത്വങ്ങൾ കണക്കാക്കേണ്ടതില്ല. ഒന്നിനെ മറ്റൊന്നിൽ നിന്നും വേർപെടുത്താനുള്ള ശ്രമം ജനാധിപത്യത്തിന്റെ ഉദ്ദേശ്യത്തെ തന്നെ പരാജയപ്പെടുത്തുന്നതിന് തുല്യമാകും. സ്വാതന്ത്ര്യത്തെ സമത്വത്തിൽ നിന്നും സമത്വത്തെ സ്വാതന്ത്ര്യത്തിൽ നിന്നും വേർപിരിക്കുക സാദ്ധ്യമല്ല. സമത്വമില്ലാത്ത സ്വാതന്ത്ര്യം ഭൂരിപക്ഷത്തിനുമേൽ ചുരുക്കം ചിലരുടെ മേധാവിത്വത്തിന് ഇടയാക്കും. സ്വാതന്ത്ര്യമില്ലാത്ത സമത്വം വ്യക്തികളുടെ മുൻകൈയ്യെടുക്കൽ ഇല്ലാതാക്കും. സാഹോദര്യമില്ലാതെ സ്വാതന്ത്ര്യവും സമത്വവും സ്വാഭാവികത കൈവരിക്കില്ല.**

ഡോ. ബി.ആർ. അംബേദ്കർ, സി.എ.ഡി., Vol.XI, പേജ്.979,25 നവംബർ 1949

*സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ തത്ത്വങ്ങൾ നിങ്ങളുടെ ക്ലാസ്മുറികളിൽ നിലനിൽക്കുന്നുണ്ടോ? അവ എങ്ങനെയാണ് സഹവർത്തിത്വം പുലർത്തുന്നത്; ഇത് നിങ്ങളുടെ സുഹൃത്തുക്കളുമായി ചർച്ച ചെയ്യുക.*

ഒരു ഭരണഘടനയെ കാര്യക്ഷമവും ആദരണീയവുമാക്കുന്ന മൂന്ന് ഘടകങ്ങളാണ് ഇതിന് മുൻപ് ചർച്ച ചെയ്തത്. ഇന്ത്യൻ ഭരണഘടന ഈ പരീക്ഷയിൽ എത്രത്തോളം വിജയിച്ചു?

## ഭരണഘടനാനിർമ്മാണ സഭയുടെ ഘടന

## (Composition of the Constituent Assembly)

1947 ജൂൺ 3 ലെ പദ്ധതി അടിസ്ഥാനമാക്കി ഇന്ത്യ വിഭജിച്ചതിന്റെ ഫലമായി പാക്കിസ്ഥാനിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ ഭരണഘടനാനിർമ്മാണ സഭയിലെ അംഗങ്ങളല്ലാതായി. ഇതോടെ ഭരണഘടനാ നിർമ്മാണ സഭയിലെ അംഗസംഖ്യ 299 ആയി കുറഞ്ഞു. 1949 നവംബർ 26ന് ഈ ഭരണഘടന അംഗീകരിക്കപ്പെട്ടു. അവരിൽ 284 പേർ 1950 ജനുവരി 24 ന് അന്തിമമായി ഭരണഘടന പാസ്സാക്കിയപ്പോൾ ഒപ്പുവയ്ക്കാനുണ്ടായിരുന്നു. 1950 ജനുവരി 26ന് ഈ ഭരണഘടന നിലവിൽ വന്നു. ഉപഭൂഖണ്ഡത്തിന്റെ വിഭജനത്തെ തുടർന്ന് കെട്ടഴിച്ചുവിട്ട ഭീകരമായ അക്രമങ്ങളുടെ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ഭരണഘടന തയ്യാറാക്കിയത്. തീവ്രമായ സമ്മർദ്ദത്തിൽ നിന്നുകൊണ്ടും വിഭജനത്തെ തുടർന്നുണ്ടായ സങ്കൽപ്പിക്കാൻ കഴിയാത്ത കലാപങ്ങളിൽ നിന്ന് ശരിയായ പാഠമുൾക്കൊണ്ടും ഭരണഘടന തയ്യാറാക്കുന്നതിൽ അസാമാന്യമായ മനക്കരുത്ത് ഭരണഘടനാ നിർമ്മാ

താക്കൾ പ്രകടിപ്പിച്ചു. ഒരു പുതിയ പൗരത്വ സങ്കൽപ്പത്തിന് ഭരണഘടന രൂപം നൽകി. ഇവിടെ ന്യൂനപക്ഷ വിഭാഗങ്ങൾ സുരക്ഷിതരായിരിക്കുമെന്നും അതേ സമയം മതപരമായ സ്വത്വം പൗരത്വ അവകാശത്തിന് മാനദണ്ഡമായിരിക്കില്ലെന്നും വ്യക്തമാക്കപ്പെട്ടു.



**ഇന്ത്യയിലെ എല്ലാ ജനങ്ങളും ചേർന്ന് ഭരണഘടനാനിർമ്മാണ സഭയെ തെരഞ്ഞെടുത്തിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? അത് ഇപ്പോഴത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുക്കുമോ?**

നമ്മുടെ ഭരണഘടനാ നിർമ്മാണസഭയുടെ ഘടനയെക്കുറിച്ചുള്ള ഈ വിവരണം ഭരണഘടന എങ്ങനെ തയ്യാറാക്കി എന്നതിന്റെ ഉപരിപ്ലവമായ ഒരു ചിത്രീകരണം മാത്രമാണ്. സാർവ്വത്രിക വോട്ടവകാശത്തെ അടിസ്ഥാനമാക്കിയല്ല ഭരണഘടനാനിർമ്മാണ സഭയിലെ അംഗങ്ങളെ തെരഞ്ഞെടുത്തത്. എന്നിരുന്നാലും ഭരണഘടനാനിർമ്മാണ സഭയെ പ്രാതിനിധ്യ സ്വഭാവമുള്ളതാക്കാൻ ഗൗരവമായ ശ്രമങ്ങൾ നടന്നു. മുകളിൽ സൂചിപ്പിച്ച പദ്ധതിയനുസരിച്ച് എല്ലാ മതവിഭാഗങ്ങൾക്കും പ്രാതിനിധ്യം നൽകിയിരുന്നു. ഇതു കൂടാതെ, പട്ടികവിഭാഗത്തിൽപ്പെട്ട 28 അംഗങ്ങളും സഭയിൽ ഉണ്ടായിരുന്നു. രാഷ്ട്രീയപാർട്ടികളുടെ അടിസ്ഥാനത്തിലാണെങ്കിൽ 82% സീറ്റുകൾ കൈവശപ്പെടുത്തിയ കോൺഗ്രസ്സിനായിരുന്നു അസംബ്ലിയിൽ മേധാവിത്വം. എല്ലാവിധ അഭിപ്രായങ്ങളെയും ഉൾക്കൊള്ളുന്ന വൈവിദ്ധ്യങ്ങളെ അംഗീകരിക്കുന്ന പാർട്ടിയായിരുന്നു കോൺഗ്രസ്സ്.

## വിചിന്തന തത്ത്വം (The Principle of Deliberation)

പ്രാതിനിധ്യ സ്വഭാവത്തിൽ നിന്നു മാത്രമല്ല ഭരണഘടനാ നിർമ്മാണ സഭയുടെ ആധികാരികത വെളിവാകുന്നത്. ഭരണഘടന തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ, അതിലെ അംഗങ്ങൾ അവരുടെ ചർച്ചകളിൽ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ എന്നിവയും ആധികാരികത നിർണ്ണയിക്കുന്നതിൽ പ്രധാനഘടകങ്ങളാണ്. പ്രാതിനിധ്യ സ്വഭാവം അവകാശപ്പെടുന്ന ഒരു സഭയെന്ന നിലയിൽ, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ അതിൽ പങ്കെടുക്കുന്നത് സ്വന്തം സ്വത്വത്തിന്റെയോ സമുദായത്തിന്റെയോ പ്രതിനിധികൾ എന്ന നിലയിൽ മാത്രമല്ല, മറിച്ച് രാജ്യത്തിന്റെ മൊത്തം താൽപ്പര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടാണ്. അംഗങ്ങൾക്കിടയിൽ പലപ്പോഴും വിയോജിപ്പുകൾ ഉണ്ടായിരുന്നു. എന്നാൽ ഇവയൊന്നും അംഗങ്ങളുടെ സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടിയായിരുന്നില്ല.

അടിസ്ഥാന തത്ത്വങ്ങളിൽ ന്യായമായും അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നു. ഈ അഭിപ്രായ വ്യത്യാസങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയായിരുന്നു. ഇന്ത്യ സ്വീകരിക്കേണ്ടത് കേന്ദ്രീകൃത ഗവൺമെന്റാണോ വികേന്ദ്രീകൃത ഗവൺമെന്റാണോ? സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലുള്ള ബന്ധം എങ്ങനെയായിരിക്കണം? നീതിന്യായ വിഭാഗത്തിന്റെ അധികാരം എന്തായിരിക്കണം? ഭരണഘടന സ്വത്തവകാശം സംരക്ഷിക്കേണ്ടതുണ്ടോ? എന്നിങ്ങനെ ആധുനിക രാഷ്ട്രത്തിന് അടി

ത്തറയിടുന്ന മിക്കവാറും എല്ലാ വിഷയങ്ങളും അതീവ താൽപ്പര്യത്തോടെ ചർച്ച ചെയ്യപ്പെട്ടു. ഭിന്നാഭിപ്രായമൊന്നും കൂടാതെ പാസ്സാക്കപ്പെട്ടത് ഭരണഘടനയിലെ ഒരേ ഒരു വകുപ്പാണ്. സാർവ്വത്രിക വോട്ടവകാശത്തെ സംബന്ധിച്ച് ആയിരുന്നു അത്. നിശ്ചിതപ്രായമെത്തിയ എല്ലാ പൗരന്മാർക്കും മതം, ജാതി, വിദ്യാഭ്യാസം, ലിംഗവ്യത്യാസം, വരുമാനം എന്നിവയൊന്നും പരിഗണിക്കാതെ വോട്ടുചെയ്യാനുള്ള അവകാശം നൽകുമെന്നാണ് അതിനർത്ഥം. ആർക്കെല്ലാം വോട്ടവകാശം നൽകണം എന്ന വിഷയം ചർച്ച ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചു. അതേസമയം മറ്റെല്ലാ വിഷയങ്ങളും ഗൗരവമായ ചർച്ചകൾക്കും സംവാദങ്ങൾക്കും വിധേയമാക്കി. ഭരണഘടനാനിർമ്മാണ സഭയുടെ ജനാധിപത്യ പ്രതിബദ്ധതക്ക് ഇതു തന്നെയാണ് ഏറ്റവും വലിയ സാക്ഷ്യപത്രം.



ഭരണഘടനാ നിർമ്മാണ സഭയുടെ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദും ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ ഡോ. ബി.ആർ അംബേദ്കറും പരസ്പരം അഭിവാദ്യം ചെയ്യുന്നു.

...... ഡ്രാഫ്റ്റിങ് കമ്മിറ്റി അംഗങ്ങൾ, പ്രത്യേകിച്ചും അതിന്റെ ചെയർമാനായ ഡോ.ബി.ആർ. അംബേദ്കർ സ്വന്തം അനാരോഗ്യം പോലും വകവയ്ക്കാതെ അത്യുൽസാഹത്തോടും അർപ്പണമനോഭാവത്തോടെയും പ്രവർത്തിച്ചു എന്ന് മറ്റാരേക്കാളും നന്നായി ഞാൻ മനസ്സിലാക്കി. ഡ്രാഫ്റ്റിങ് കമ്മിറ്റിയിൽ അംഗമായും പിന്നീട് അതിന്റെ ചെയർമാനായും അംബേദ്കറെ നിയമിക്കാൻ നാമെടുത്ത തീരുമാനത്തിന്റെയത്രയും ശരിയായ മറ്റൊരു തീരുമാനവും നമുക്ക് എടുക്കുവാൻ കഴിയുമായിരുന്നില്ല. തന്റെ തെരഞ്ഞെടുക്കലിനെ അദ്ദേഹം അന്വർത്ഥമാക്കിയെന്നു മാത്രമല്ല, ഏൽപ്പിച്ച ജോലി ദീപ്തമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് കമ്മിറ്റിയിലെ അംഗങ്ങൾക്കിടയിൽ അവരുടെ പ്രവർത്തനങ്ങളെ വേർതിരിച്ചു കാണുക അനവസരത്തിലുള്ളതായിരിക്കും. ചെയർമാനെപ്പോലെതന്നെ അവരെല്ലാവരും അത്യുൽസാഹത്തോടും അർപ്പണമനോഭാവത്തോടും പ്രവർത്തിച്ചു എന്ന് എനിക്കറിയാം. അവർ രാജ്യത്തിന്റെ ആദരവും നന്ദിയും അർഹിക്കുന്നു. ''

ഡോ. രാജേന്ദ്രപ്രസാദ്, സിഎഡി, Vol. XI, പേജ്.994, 26 നവംബർ 1949

'പൊതുകാരണം' (Public Reason) അടിസ്ഥാനമാക്കിയാണ് അംഗങ്ങൾ ഭരണഘടനാനിർമ്മാണ സഭയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത് എന്നതിൽനിന്നും ഭരണഘടന അതിന്റെ ആധികാരികത നേടുന്നു. ചർച്ചകൾക്കും യുക്തിസഹമായ വാദങ്ങൾക്കുമാണ് ഭരണഘടനാനിർമ്മാണ സഭയിലെ അംഗങ്ങൾ വലിയ ഊന്നൽ നൽകി. തങ്ങളുടെ സ്വന്തം താൽപ്പര്യങ്ങൾ വെറുതെ മുന്നോട്ടു വയ്ക്കുകയല്ല അവർ ചെയ്തത്. നേരെമറിച്ച്, തങ്ങളുടെ നിലപാടുകൾക്കുള്ള തത്ത്വാധിഷ്ഠിത കാരണങ്ങൾ മറ്റ് അംഗങ്ങളെ ബോദ്ധ്യപ്പെടുത്തി. നിങ്ങളുടെ നിലപാടുകളുമായി മറ്റുള്ളവർ ചേർന്നു പോകണമെങ്കിൽ അവർ എന്തുകൊണ്ട് അതുമായി ചേർന്നുപോകണമെന്ന് നിങ്ങൾ അവരെ ബോധ്യപ്പെടുത്തണം. ഭരണഘടനാനിർമ്മാണ സഭയിലെ ദീർഘമായ സംവാദങ്ങൾ വഴി ഭരണഘടനയിലെ ഓരോ വകുപ്പും സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കിയെന്നത് 'പൊതുകാരണ'ത്തിനുള്ള ഏറ്റവും വലിയ അംഗീകാരമാണ്. സ്വന്തം താല്പര്യങ്ങൾ മാത്രം എന്ന സങ്കുചിത ചിന്താഗതിയിൽനിന്ന് അകന്നുമാറുവാൻ മറ്റുള്ളവർക്ക് ന്യായമെന്ന് തോന്നുന്ന നിങ്ങളുടെ പ്രവർത്തികൾ നിങ്ങളെ സഹായിക്കും. ഫ്രഞ്ച്, അമേരിക്കൻ വിപ്ലവങ്ങളുടെ പ്രാധാന്യത്തിന് സമാനമായി, ഭരണഘടനാ രൂപീകരണ ചരിത്രത്തിലെ

ഏറ്റവും പ്രധാനപ്പെട്ട അധ്യായങ്ങളിലൊന്നായി സ്മരിക്കപ്പെടുവാൻ ഈ സംവാദങ്ങൾ അർഹമാണ്.

## നടപടിക്രമങ്ങൾ (Procedures)

ഭരണഘടനാ നിർമ്മാണ സഭയുടെ സാധാരണ നടപടിക്രമങ്ങളിലും പൊതുകാരണത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. വിവിധ വിഷയങ്ങൾക്കായി ഭരണഘടനാ നിർമ്മാണ സഭയിൽ 8 പ്രധാന കമ്മിറ്റികൾ ഉണ്ടായിരുന്നു. ഈ കമ്മിറ്റികളുടെ അദ്ധ്യക്ഷ സ്ഥാനം വഹിച്ചത് ജവഹർലാൽ നെഹ്റു, രാജേന്ദ്രപ്രസാദ്, സർദാർ വല്ലഭായ് പട്ടേൽ, മൗലാനാ ആസാദ്, ഡോ.ബി.ആർ അംബേദ്കർ തുടങ്ങിയവരായിരുന്നു. പല കാര്യങ്ങളിലും ഇവർ തമ്മിൽ യോജിപ്പില്ലായിരുന്നു. കോൺഗ്രസ്സിന്റെയും ഗാന്ധിജിയുടെയും കടുത്ത വിമർശകനായിരുന്നു അംബേദ്കർ. പട്ടിക ജാതിക്കാരുടെ ഉന്നമനത്തിന് ആവശ്യമായതൊക്കെ ചെയ്യാതിരുന്നതിന് അവരെ അദ്ദേഹം കുറ്റപ്പെടുത്തി. പട്ടേലും നെഹ്റുവുമാകട്ടെ നിരവധി വിഷയങ്ങളിൽ വിയോജിപ്പുള്ളവരായിരുന്നു. എന്നിരുന്നാലും അവർ എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിച്ചു. ഓരോ കമ്മിറ്റിയും ഭരണഘടനയുടെ പ്രത്യേക വ്യവസ്ഥകളുടെ കരട് തയ്യാറാക്കുകയും ഭരണഘടനാ നിർമ്മാണ സഭയിൽ ചർച്ചകൾക്ക് വിധേയമാക്കുകയും ചെയ്തു. എല്ലാവരും അംഗീകരിച്ച വ്യവസ്ഥകൾ ഏതെങ്കിലും പ്രത്യേക താല്പര്യത്തിന് ഹാനികരമല്ല എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അഭിപ്രായ സമവായത്തിലെത്തുവാൻ സാധാരണയായി ശ്രമിച്ചിരുന്നു. എന്നാൽ ചില വ്യവസ്ഥകൾ വോട്ടെടുപ്പിന് വിധേയമായാണ് അംഗീകരിച്ചത്. ഓരോ തവണയും ഒരു ചെറിയ വാദഗതിയോ, തടസ്സവാദമോ, അഭിപ്രായമോ ഉയർന്നുവരുമ്പോൾ വളരെ അധികം സൂക്ഷ്മതയോടെയാണ് അവ കൈകാര്യം ചെയ്തിരുന്നത്. തടസ്സവാദങ്ങൾ എഴുതിയെടുത്താണ് പരിഗണിച്ചിരുന്നത്. അസംബ്ലി രണ്ട് വർഷത്തിനും പതിനൊന്ന് മാസത്തിനുമിടയിൽ നൂറ്റി അറുപത്തിയാറ് ദിവസങ്ങൾ യോഗം ചേർന്നു. ഈ യോഗങ്ങളിൽ പത്രപ്രവർത്തകർക്കും, പൊതുജനങ്ങൾക്കും പ്രവേശനാനുമതി ലഭിച്ചിരുന്നു.

## ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകം (Inheritance of the nationalist movement)

എന്നാൽ ഒരു ഭരണഘടനയും അത് നിർമ്മിച്ച ഭരണഘടനാ നിർമ്മാണ സഭകളുടെ മാത്രം ഉൽപ്പന്നമല്ല. ഭരണഘടന ഉയർത്തി പിടിക്കേണ്ട പ്രധാന തത്ത്വങ്ങളെക്കുറിച്ച് അഭിപ്രായ സമന്വയത്തിന്റെ പശ്ചാത്തലം ഉണ്ടായിരുന്നില്ലെങ്കിൽ ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയെപ്പോലെ വൈവിദ്ധ്യമുള്ള ഒരു സമിതിക്ക് പ്രവർത്തിക്കാൻ കഴിയുമായിരുന്നില്ല. ഈ തത്ത്വങ്ങൾ സ്വാതന്ത്ര്യ സമരകാലത്താണ് രൂപപ്പെട്ടത്. ദേശീയ പ്രസ്ഥാനത്തിൽ നിന്നും പൈതൃകമായി ലഭിച്ച തത്ത്വങ്ങൾക്ക് (ആശയങ്ങൾക്ക്) മൂർത്ത രൂപവും ആകൃതിയും നൽകുകയാണ് ഒരു



*1937-ൽ നമുക്ക് സ്വാതന്ത്ര്യം ലഭിച്ചിരുന്നു എങ്കിൽ എന്ത് സംഭവിക്കുമായിരുന്നു? അല്ലെങ്കിൽ 1957 വരെ കാത്തിരിക്കേണ്ടി വന്നിരുന്നു എങ്കിലോ? നമ്മുടെ ഭരണഘടന ഇന്നുള്ളതിൽ നിന്നും വളരെയധികം വ്യത്യാസമുള്ളതാകുമായിരുന്നോ?*

രീതിയിൽ ഭരണഘടനാനിർമ്മാണ സഭ ചെയ്തത്. ഭരണഘടനാ നിർമ്മാണത്തിന് മുൻപുള്ള ദശാബ്ദങ്ങളിൽ ഭരണഘടനാ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രസക്തമായ അനേകം ചോദ്യങ്ങൾ ദേശീയ പ്രസ്ഥാനം ചർച്ച ചെയ്യുകയുണ്ടായി - ഇന്ത്യയ്ക്കുണ്ടായിരിക്കേണ്ട ഗവൺമെന്റിന്റെ രൂപം, അത് ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങൾ, അത് മറികടക്കേണ്ട അസമത്വങ്ങൾ തുടങ്ങി ഈ സംവാദങ്ങളിൽ ഉരുത്തിരിഞ്ഞ ഉത്തരങ്ങൾക്ക് ഭരണഘടനയിൽ അന്തിമ രൂപം നൽകി.

ഒരു പക്ഷേ, ദേശീയപ്രസ്ഥാനം ഭരണഘടനാ നിർമ്മാണ സഭയിൽ കൊണ്ടുവന്ന തത്വങ്ങളുടെ ഏറ്റവും നല്ല ചുരുക്കെഴുത്താണ് 1946 ൽ നെഹ്റു അവതരിപ്പിച്ച ലക്ഷ്യപ്രമേയം (സഭയുടെ ലക്ഷ്യങ്ങൾ നിർവ്വചിച്ച പ്രമേയം). ഈ പ്രമേയം ഭരണഘടനയുടെ പിന്നിലുള്ള അഭിലാഷങ്ങളെയും മൂല്യങ്ങളെയും ഉൾക്കൊള്ളുന്നു. ഭരണഘടനയിലെ മുഖ്യവ്യവസ്ഥകൾ എന്ന ഭാഗത്ത് പരാമർശിക്കപ്പെട്ട മൂല്യങ്ങൾ ഈ ലക്ഷ്യപ്രമേയത്തിലുൾപ്പെടുത്തിയിരുന്നു. ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ, സമത്വം, സ്വാതന്ത്ര്യം, ജനാധിപത്യം, പരമാധികാരം, സാർവലൗകിക സ്വത്വം തുടങ്ങിയ അടിസ്ഥാന തത്വങ്ങൾക്ക് നമ്മുടെ ഭരണഘടന സ്ഥാപനപരമായ രൂപം നൽകി. ഇത്തരത്തിൽ നിയമങ്ങളും നടപടിക്രമങ്ങളും ഇഴപിരിഞ്ഞ കേവലമായ ഒന്നല്ല ഇന്ത്യൻ ഭരണഘടന, മറിച്ച് ജനങ്ങളുടെ മുമ്പാകെ ദേശീയപ്രസ്ഥാനം ഉയർത്തിപ്പിടിച്ച വിവിധ വാഗ്ദാനങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റിന് രൂപം നൽകുന്ന ധാർമ്മിക ഉത്തരവാദിത്വമാണ്.

**ലക്ഷ്യപ്രമേയത്തിലെ പ്രധാന ആശയങ്ങൾ**

* ഇന്ത്യ ഒരു സ്വതന്ത്ര, പരമാധികാര റിപ്പബ്ലിക്കാണ്.
* ഇന്ത്യ, ബ്രിട്ടീഷ് ഇന്ത്യൻ ഭൂപ്രദേശങ്ങളുടെയും, ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെയും, യൂണിയന്റെ ഭാഗമാകാനാഗ്രഹിക്കുന്ന ബ്രിട്ടീഷിന്ത്യയ്ക്ക് പുറത്തുണ്ടായിരുന്ന മറ്റ് ഭാഗങ്ങളുടെയും ഒരു യൂണിയനായിരിക്കും.
* യൂണിയനിൽ നിയോഗിക്കപ്പെട്ടുള്ളതോ നിക്ഷിപ്തമോ ആയ പ്രദേശങ്ങളൊഴികെ യൂണിയനെ രൂപീകരിക്കുന്ന മുഴുവൻ പ്രദേശങ്ങളും സ്വയംഭരണാധികാരമുള്ള യൂണിറ്റുകളായിരിക്കുകയും ഗവൺമെന്റിന്റെയും ഭരണത്തിന്റെയും എല്ലാ അധികാരങ്ങളും ചുമതലകളും നിർവഹിക്കുകയും ചെയ്യും.
* സ്വതന്ത്ര പരമാധികാര ഇന്ത്യയുടെയും, ഭരണഘടനയുടെയും എല്ലാ അധികാരവും ജനങ്ങളിൽ നിന്നും ഉത്ഭവിക്കുന്നതാണ്.
* സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ നീതി; പദവിയിലും അവസരങ്ങളിലുമുള്ള സമത്വം; നിയമത്തിനു മുമ്പിലെ തുല്യത; സംസാരിക്കുവാനും പ്രകടിപ്പിക്കുവാനും, വിശ്വസിക്കുവാനും ആരാധന നടത്തുവാനും, തൊഴിൽ ചെയ്യുവാനും സംഘടിക്കുവാനും പ്രവർത്തിക്കുവാനുമുള്ള മൗലിക സ്വാതന്ത്ര്യങ്ങൾ എന്നിവ നിയമത്തിനും പൊതു ധാർമികതയ്ക്കും വിധേയമായി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ഉറപ്പു നൽകുകയും സംരക്ഷിക്കുകയും ചെയ്യും.
* ന്യൂനപക്ഷങ്ങൾ, പിന്നോക്ക ഗോത്രവർഗ്ഗമേഖലകൾ, അടിച്ചമർത്തപ്പെട്ടവർ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ തുടങ്ങിയവർക്ക് മതിയായ സംരക്ഷണം നൽകണം.

* റിപ്പബ്ലിക്കിന്റെ ഭൂപ്രദേശപരമായ അഖണ്ഡതയും കര, കടൽ, ആകാശം എന്നിവയുടെ മേൽ അതിനുള്ള പരമാധികാര അവകാശങ്ങൾ നീതിക്കും നിയമത്തിനും അനുസൃതമായി നിലനിർത്തണം.
* ലോകസമാധനത്തിനും മാനവരാശിയുടെ ക്ഷേമത്തിനും വേണ്ടി ഈ രാഷ്ട്രം പൂർണമായും പരപ്രേരണ കൂടാതെ പ്രവർത്തിക്കും.

## സ്ഥാപനപരമായ രൂപരേഖ (Institutional arrangements)

ഗവൺമെന്റ് സ്ഥാപനങ്ങളുടെ സന്തുലിതമായ ക്രമീകരണമാണ് ഭരണഘടനയുടെ കാര്യക്ഷമത ഉറപ്പാക്കുന്ന മൂന്നാമത്തെ ഘടകം. ഗവൺമെന്റ് ജനാധിപത്യപരവും ജനങ്ങളുടെ ക്ഷേമത്തോട് പ്രതിബദ്ധത പുലർത്തുന്നതുമായിരിക്കണം എന്നതാണ് അടിസ്ഥാന തത്ത്വം. നിയമനിർമ്മാണ വിഭാഗം, കാര്യനിർവ്വഹണ വിഭാഗം, നീതിന്യായ വിഭാഗം എന്നീ സ്ഥാപനങ്ങൾക്കിടയിൽ ശരിയായ സന്തുലനം രൂപപ്പെടുത്തുന്നതിന് ഭരണഘടനാ നിർമ്മാണസഭ ധാരാളം സമയം ചെലവഴിക്കുകയുണ്ടായി. നിയമനിർമ്മാണ വിഭാഗത്തിനും കാര്യനിർവ്വഹണ വിഭാഗത്തിനും അധികാരം വിഭജിച്ചു നൽകുന്ന പാർലമെന്ററി വ്യവസ്ഥയും കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ അധികാരം പങ്കിടുന്ന ഫെഡറൽ സമ്പ്രദായവും സ്വീകരിക്കുന്നതിന് ഇത് ഇടയാക്കി.



അപ്പോൾ ഇതൊരു കടമെടുക്കപ്പെട്ട ഭരണഘടനയായിരുന്നോ ? ഒരിടത്തുനിന്നും ഒന്നും കടമെടുക്കാത്ത ഒരു ഭരണഘടന നമുക്കെന്തുകൊണ്ട് ഉണ്ടായില്ല?

ഏറ്റവും സന്തുലിതമായ ഗവൺമെന്റ് സംവിധാനങ്ങൾക്ക് രൂപം നൽകുമ്പോൾ മറ്റുള്ള രാജ്യങ്ങളിലെ പരീക്ഷണങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുവാൻ ഭരണഘടനാ നിർമ്മാതാക്കൾ യാതൊരു മടിയും കാട്ടിയില്ല. അതുകൊണ്ടുതന്നെ, മറ്റു രാജ്യങ്ങളുടെ ഭരണഘടനകളിൽനിന്നും കടംകൊള്ളുന്നതിന് നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ വിമുഖത കാണിച്ചില്ല. വാസ്തവത്തിൽ, തങ്ങളുടെ മുമ്പിലുള്ള ജോലി യഥാസമയം പൂർത്തീകരിക്കുന്നതിനായി ഏതു ബൗദ്ധിക വാദഗതിയിലും അല്ലെങ്കിൽ ഏതു ചരിത്രവസ്തുതകളിലും കൈവയ്ക്കുവാനുള്ള വിശാലമായ അറിവ് അവർക്കുണ്ടായിരുന്നു എന്നതിന്റെ തെളിവാണിത്. അതുകൊണ്ടുതന്നെ വിവിധ രാജ്യങ്ങളിൽ നിന്നും ഒട്ടേറെ വ്യവസ്ഥകൾ അവർ കടമെടുത്തു.

ലോകചരിത്രത്തിൽ, ഈ കാലത്ത് തയ്യാറാക്കപ്പെട്ട ഒരു ഭരണഘടനയിൽ എന്തെങ്കിലും പുതിയതായി ഉണ്ടാകുമോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു... പുതിയതായി എന്തെങ്കിലുമൊന്ന് ഉണ്ടാവുമെങ്കിൽ അത് നിലനിൽക്കുന്ന തെറ്റുകളെ ഇല്ലാതാക്കി രാജ്യത്തിന്റെ ആവശ്യങ്ങൾക്ക് അനുരൂപമാക്കുകയെന്നത് മാത്രമാണ്.

ഡോ ബി ആർ. അംബേദ്കർ, സിഎഡി, Vol.VII, പേജ്.37, 4 നവംബർ 1948



## വിവിധ രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്നും കടമെടുത്ത വ്യവസ്ഥകൾ
## (Provisions adopted from constitutions of different countries)

**ബ്രിട്ടീഷ് ഭരണഘടന**

* കേവല ഭൂരിപക്ഷ വ്യവസ്ഥ (FPTP)
* പാർലമെന്ററി ഭരണസമ്പ്രദായം
* നിയമവാഴ്ചയെന്ന ആശയം
* സ്പീക്കറുടെ സ്ഥാപനവും അവരുടെ പങ്കും
* നിയമനിർമ്മാണ നടപടിക്രമം.

**ഐറിഷ് ഭരണഘടന**

* രാഷ്ട്രനയവുമായി ബന്ധപ്പെട്ട നിർദ്ദേശക തത്ത്വങ്ങൾ

**ഫ്രാൻസിന്റെ ഭരണഘടന**

* സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്ത്വങ്ങൾ.

**അമേരിക്കൻ ഭരണഘടന**

* മൗലികാവകാശത്തെക്കുറിച്ചുള്ള അദ്ധ്യായം
* നീതിന്യായ പുനഃപരിശോധനാധികാരം
* നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം.

**കനേഡിയൻ ഭരണഘടന**

* അർദ്ധ ഫെഡറൽ ഗവൺമെന്റ് (ശക്തമായ കേന്ദ്ര ഗവൺമെന്റോടു കൂടിയ ഫെഡറൽ സമ്പ്രദായം)
* അവശിഷ്ടാധികാരമെന്ന ആശയം.

എന്നാൽ ഈ ആശയങ്ങളുടെ കടമെടുക്കൽ വെറും അനുകരണമായിരുന്നില്ല. ഇന്ത്യയുടെ പ്രശ്നങ്ങൾക്കും അഭിലാഷങ്ങൾക്കും കടമെടുത്ത ഓരോ വ്യവസ്ഥയും അനുയോജ്യമാണ് എന്ന് സാധൂകരിക്കേണ്ടതുണ്ടായിരുന്നു. സങ്കുചിത കാഴ്ചപ്പാടുകളിൽ നിന്നും വ്യത്യസ്തമായി ലോകത്ത് ലഭ്യമായതിൽ ഏറ്റവും മികച്ചതിനെ സ്വന്തമാക്കാൻ കെൽപ്പുള്ളതുമായ ഒരു ഭരണഘടനാ നിർമ്മാണ സഭയെ ലഭിച്ചതിൽ ഇന്ത്യ ഭാഗ്യം ചെയ്തു.

## ഉപസംഹാരം

ജനങ്ങളാൽ പങ്കുവെയ്ക്കപ്പെടുന്ന ഒട്ടനവധി അടിസ്ഥാനമൂല്യങ്ങളും ഉന്നതമായ അഭിലാഷങ്ങളും ഉൾക്കൊള്ളുന്ന ഒരു പ്രമാണം രാജ്യത്തിന് സമർപ്പിക്കപ്പെട്ടത് ഭരണഘടനാ നിർമ്മാതാക്കളുടെ ദീർഘ ദർശനത്തിനും ധിഷണയ്ക്കുമുള്ള ഉപഹാരമായാണ്. മറ്റനേകം ഭരണഘടനകൾ അവ ആദ്യം എഴുതപ്പെട്ട കടലാസ്സുകളുടെ ഒപ്പം നശിച്ചുപോയപ്പോൾ സങ്കീർണ്ണമായി രൂപകൽപ്പന ചെയ്ത പ്രമാണമായിട്ടുകൂടി ഇന്ത്യൻ ഭരണഘടന അതിജീവിക്കുകയും ഒരു ജീവിക്കുന്ന പ്രമാണമായി നിലകൊള്ളുകയും ചെയ്യുന്നത് ഇക്കാരണത്താലാണ്.

ഒരു അതുല്യമായ പ്രമാണമെന്ന നിലയിൽ ഇന്ത്യൻ ഭരണഘടന മറ്റനേകം ഭരണഘടനകൾക്ക് മാതൃകയാണ്, പ്രത്യേകിച്ചും ദക്ഷിണാഫ്രിക്കൻ ഭരണഘടനക്ക്. ശരിയായ ഒരു സന്തുലിതാവസ്ഥ കണ്ടെത്തുകയായിരുന്നു ഏകദേശം മൂന്നു വർഷത്തോളം നീണ്ടു നിന്ന ഭരണഘടനയ്ക്കുവേണ്ടിയുള്ള സുദീർഘമായ അന്വേഷണത്തിന്റെ പ്രധാന ലക്ഷ്യം. അതുകൊണ്ട്തന്നെ ഭരണഘടന രൂപം നൽകിയ സ്ഥാപനങ്ങൾ യാദൃശ്ചികമോ താൽക്കാലിക സംവിധാനമോ ആയിരുന്നില്ല. നേരെമറിച്ച്, വരും കാലങ്ങളിൽ ഇന്ത്യയിലെ ജനങ്ങളുടെ അഭിലാഷങ്ങളെ ഉൾക്കൊള്ളുവാൻ കഴിവുള്ളവയായിരുന്നു. ഈ പുസ്തകത്തിലെ ബാക്കി അദ്ധ്യായങ്ങൾ പഠിക്കുമ്പോൾ ഇതേക്കുറിച്ച് നിങ്ങൾ കൂടുതൽ മനസ്സിലാക്കും.

---

## അഭ്യാസം

1) ഇവയിൽ ഏതാണ് ഭരണഘടനയുടെ ചുമതല അല്ലാത്തത്?

a. പൗരന്റെ അവകാശങ്ങൾ അത് ഉറപ്പുനൽകുന്നു.

b. ഗവൺമെന്റിന്റെ വിവിധ ഘടകങ്ങളുടെ അധികാരമേഖല അത് രേഖപ്പെടുത്തുന്നു.

c. നല്ല ആളുകൾ അധികാരത്തിൽ വരുന്നു എന്ന് അതുറപ്പാക്കുന്നു.

d. പൊതുവായി പങ്കുവയ്ക്കപ്പെടുന്ന മൂല്യങ്ങളെ അത് പ്രകാശിപ്പിക്കുന്നു.

2) പാർലമെന്റിനേക്കാൾ ഉന്നതമാണ് ഭരണഘടനയുടെ ആധികാരികത എന്ന നിഗമനത്തിൽ എത്തിച്ചേരാനുള്ള പ്രധാന കാരണം താഴെ പറയുന്നവയിൽ ഏതാണ്?

 a. പാർലമെന്റ് നിലവിൽ വരുന്നതിന് മുൻപേ ഭരണഘടന തയ്യാറാക്കപ്പെട്ടു.

 b. പാർലമെന്റംഗങ്ങളേക്കാൾ പ്രഗൽഭരായ നേതാക്കന്മാരാണ് ഭരണഘടനാ നിർമ്മാതാക്കൾ.

 c. പാർലമെന്റ് എങ്ങനെ രൂപീകരിക്കണം, അതിന്റെ അധികാരങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുന്നത് ഭരണഘടനയാണ്.

 d. പാർലമെന്റിന് ഭരണഘടന ഭേദഗതി ചെയ്യാൻ കഴിയില്ല.

3) ഭരണഘടനയെക്കുറിച്ച് താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക.

 a. ഗവൺമെന്റിന്റെ രൂപീകരണം, അധികാരങ്ങൾ എന്നിവയെക്കുറിച്ചുള്ള ലിഖിത പ്രമാണമാണ് ഭരണഘടന.

 b. ജനാധിപത്യ രാജ്യങ്ങളിൽ മാത്രം ആവശ്യമുള്ളതും നിലനിൽക്കുന്നതുമായ ഒന്നാണ് ഭരണഘടന.

 c. ആശയങ്ങൾ, മൂല്യങ്ങൾ എന്നിവ കണക്കിലെടുക്കാത്ത നിയമസംഹിതയാണ് ഭരണഘടന.

 d. ഭരണഘടന പൗരന് ഒരു പുതിയ സ്വത്വം പ്രദാനം ചെയ്യുന്നു.

4) ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തെക്കുറിച്ച് താഴെ നൽകിയിരിക്കുന്ന അനുമാനങ്ങൾ ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക. നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുന്നതിനുള്ള വാദഗതികൾ എഴുതുക.

 a. എല്ലാ ജനങ്ങളും ചേർന്ന് തെരഞ്ഞെടുത്തതല്ല എന്നതിനാൽ ഭരണഘടനാ നിർമ്മാണ സഭ ഇന്ത്യൻ ജനതയെ പ്രതിനിധാനം ചെയ്യുന്നില്ല.

 b. നേതാക്കൾക്കിടയിൽ ഭരണഘടനയുടെ അടിസ്ഥാന ചട്ടക്കൂട് (Basic Frame-work) സംബന്ധിച്ച് പൊതുധാരണ ഉണ്ടായിരുന്നതിനാൽ ഇതിന്റെ രൂപീകരണത്തിൽ പ്രധാന തീരുമാനങ്ങളൊന്നും എടുക്കാനുണ്ടായിരുന്നില്ല.

 c. മറ്റ് രാജ്യങ്ങളിൽ നിന്നും കടം കൊണ്ടതായതിനാൽ ഭരണഘടനയിൽ ഒട്ടും മൗലികതയുണ്ടായിരുന്നില്ല. (originality)

5) ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് താഴെ നൽകിയിരിക്കുന്ന നിഗമനങ്ങളെ അനുകൂലിക്കുന്ന രണ്ട് ഉദാഹരണങ്ങൾ എഴുതുക.

a. ജനങ്ങളുടെ അംഗീകാരം നേടാൻകഴിഞ്ഞ വിശ്വാസ്യതയുള്ള നേതാക്കന്മാരാണ് ഭരണഘടന തയ്യാറാക്കിയത്.

b. ഭരണഘടനയെ അട്ടിമറിക്കാൻ കഴിയാത്ത തരത്തിൽ അത് അധികാരം വിതരണം ചെയ്യുന്നു.

c. ജനങ്ങളുടെ പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും ആകെത്തുകയാണ് ഭരണഘടന.

6) ഒരു രാജ്യത്തെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ഭരണഘടനയിൽത്തന്നെ കൃത്യമായി നിർണ്ണയിച്ചിരിക്കുന്നതെന്തുകൊണ്ടാണ്? അത്തരത്തിലുള്ള നിർണ്ണയത്തിന്റെ അഭാവത്തിൽ എന്ത് സംഭവിക്കും?

7) ഭരണാധികാരികളുടെമേൽ ഭരണഘടന നിയന്ത്രണം കൊണ്ടുവരേണ്ടതാവശ്യമായതെന്തുകൊണ്ട്? ജനങ്ങൾക്ക് യാതൊരു അധികാരവും നൽകാത്ത ഒരു ഭരണഘടനയുണ്ടാകുമോ?

8) രണ്ടാം ലോകമഹായുദ്ധത്തിലെ പരാജയത്തിനുശേഷം ജപ്പാൻ അമേരിക്കൻ പട്ടാളത്തിന്റെ നിയന്ത്രണത്തിലായിരിക്കുമ്പോഴാണ് ജപ്പാൻ ഭരണഘടന രൂപീകരിക്കപ്പെട്ടത്. അമേരിക്കയിലെ ഗവൺമെന്റിനിഷ്ടപ്പെടാത്ത ഒരു വ്യവസ്ഥയും ജപ്പാൻ ഭരണഘടനയിലുണ്ടാവുകയില്ല. ഇത്തരത്തിലുള്ള ഭരണഘടനാ രൂപീകരണത്തിൽ നിങ്ങൾ എന്തെങ്കിലും പ്രശ്നങ്ങൾ കാണുന്നുണ്ടോ? ഇതിൽനിന്നും ഇന്ത്യയുടെ അനുഭവം ഏതുതരത്തിലാണ് വ്യത്യസ്തമാവുന്നത്?

9) രജത് അവന്റെ ടീച്ചറോട് ഈ ചോദ്യം ചോദിച്ചു. ഭരണഘടനയ്ക്ക് എഴുപതു വർഷത്തോളം പഴക്കമുണ്ട്. ആയതിനാൽ അത് ഒരു കാലഹരണപ്പെട്ട പുസ്തകമാണ്. അത് നടപ്പാക്കുന്നതിന് ആരും എന്റെ അനുവാദം ചോദിച്ചില്ല. വളരെ കടുപ്പമുള്ള ഭാഷയിൽ എഴുതിയിരിക്കുന്നതിനാൽ എനിക്കത് മനസ്സിലാക്കാനും കഴിയില്ല. ഈ പ്രമാണം ഞാനെന്തിന് അനുസരിക്കണം? നിങ്ങളായിരുന്നു രജതിന്റെ അദ്ധ്യാപകനെങ്കിൽ ഈ ചോദ്യത്തിന് എങ്ങനെ ഉത്തരം നൽകും?

10) നമ്മുടെ ഭരണഘടനയുടെ പ്രവർത്തനത്തിലെ അനുഭവങ്ങൾ എന്ന ചർച്ചയിൽ പങ്കെടുത്ത മൂന്ന് പ്രാസംഗികർ മൂന്ന് വ്യത്യസ്ത നിലപാടുകളെടുക്കുകയുണ്ടായി.

ഹർബാൻ : ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ചട്ടക്കൂട് നമുക്ക് നൽകുന്നതിൽ ഇന്ത്യൻ ഭരണഘടന വിജയിച്ചു.

നേഹ : സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ഉറപ്പാക്കുന്നതിന് നല്ല വാഗ്ദാനങ്ങൾ ഭരണഘടന നൽകി. എന്നാൽ ഇതുവരെ അത് നടപ്പിലാക്കാത്തതിനാൽ ഭരണഘടന പരാജയപ്പെട്ടു.

നസീമ : ഭരണഘടന നമ്മെ പരാജയപ്പെടുത്തിയിട്ടില്ല. നമ്മൾ ഭരണഘടനയെ ആണ് പരാജയപ്പെടുത്തിയത്.

ഇതിൽ ഏതെങ്കിലും നിലപാടുകളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? യോജിക്കുന്നില്ലെങ്കിൽ എന്താണ് നിങ്ങളുടെ നിലപാട്?

---

രാജ്യസഭ ടിവി പരമ്പര, *സംവിധാൻ: ഇന്ത്യൻ ഭരണഘടനാരൂപീകരണം, ഗാന്ധി, സർദാർ, ഡോ. ബാബസാഹബ് അംബേദ്കർ* തുടങ്ങിയവ നിങ്ങൾ കാണുകയും ചർച്ച ചെയ്യുകയും ചെയ്തേക്കാം. ഈ ദൃശ്യ ശ്രാവ്യ വിവരങ്ങൾ ഇന്ത്യൻ ഭരണഘടന രൂപീകരിക്കപ്പെട്ടതിനെക്കുറിച്ച് ആഴത്തിലുള്ള ധാരണ നിങ്ങൾക്കു പകർന്നു തരും. നമ്മുടെ ദേശീയ നേതാക്കന്മാരുടെ ജീവിതം, കാലഘട്ടം എന്നിവയെക്കുറിച്ച് പഠിക്കാനും അത് നിങ്ങളെ സഹായിക്കും.